The Athletic Association had a year of vigorous and useful period of activity. The Association has been able to continue to attract large numbers of men and women students to play games regularly in the evenings. The various clubs functioned with enthusiasm and vied with each other in keeping their teams in good trim by constant practice. This year also our Basket-ball players, men and women, had the benefit of receiving coaching from the State Coach, Mr. Joseph Sam. From the point of view of laurels and trophies and wider achievements this year has not been altogether barren. Our Badminton team won the trophy in the Fr. Thomas Peter Memorial Tournament held at the S. H. College, Thevara. Our college was able to contribute 4 players to the State Women's Basket-ball team and one player to the State Boys' Basket-ball team. Our Women's Basket-ball team has brought glory to the college by annexing the trophy in the Inter-Collegiate Women's Basket-ball tournament as well as in two other Women's Basket-ball tournaments, one at Alleppey and the other at Kunnamkulam.

Last year's experiment of dividing the college into well mixed groups for the intra-mural tournament was a little too successful in moderating the over-enthusiasm of participating units and the tournaments were a trifle too tame although the teams were well balanced. In dividing the college into three units for men and two for women we have taken care this year not to break up any hostel or dayscholars' unit.

As usual the Inter-class Sports meet and the Inter-hostel Sports meet were high lights in the life of the college. Captain Gopi K. Menon, Officer Commanding of the 3rd Kerala Battalion, presided over the latter and Mrs. Menon distributed the trophies and certificates. The names of the winners of the tournaments are given below :—

**Inter-Class Sports Meet.**

| | |
|---|---|
| Champions : | Class II |
| Runners-up : | Class III |

**Intra-mural Tournaments**

*Men's Section.*

| | |
|---|---|
| Foot-ball | : Chacko Hostel & Junior Day Scholars. |
| Basket-ball | : Senior Day Scholars & Tagore Hostel. |
| Hockey | : Holland, Skinner & New Hostel. |
| Volley-ball | : Holland, Skinner & New Hostel. |
| Badminton | : Senior Day Scholars & Tagore Hostel. |
| Tennis | : Chacko Hostel & Junior Day Scholars. |
| Cricket | : Senior Day Scholars & Tagore Hostel. |
| Athletics | : Chacko Hostel & Junior Day Scholars. |

*Women's Section.*

| | |
|---|---|
| Volley-ball | : Day Scholars. |
| Tennikoit | : Women's Hostel |
| Basket-ball | : Women's Hostel |
| Badminton | : Day Scholars |
| Athletics | : Women's Hostel |

**College Champions for the Year.**

1. Mr. George Zachariah } from the men's section
2. Mr. M. J. Jacob }

and Miss V. I Kumari from the Women's Section.

May I record here our appreciation of the efficient and enthusiastic manner in which the members, Captains and Presidents of the various Clubs organised the activities of the Athletic Association under the able and expert guidance of our lecturer in Physical Education and Physical Instructress.

**Grants and Donations.**

During the year the college received Rs. 20,033/- as a further instalment of grant towards the Post Graduate Course in Physics.

We have received a gift of about Rs. 2000/- through the Asia Christian Colleges Association, towards the Guest House Fund and Rs. 1355 = 39 from the Women's Inter-Church Council of Canada as contribution to the Christian Literature Fund. We have also received smaller amounts as donation from Old Students and other well-wishers.

The work in connection with the Hobby Workshop is progressing well.

In my last report I had mentioned that the college has not yet been able to provide for our non-resident students even some of the essential amenities they need. I am very happy to report that I have just now received, like a College Day present, a letter from the U. G. C. sanctioning a grant of Rs. 35,000/- for a non-Resident Students' Centre.

I place on record our gratitude to the University, State and Central Governments, the U. G. C. and to all the friends and benefactors of the college who have helped us with their sympathy, encouragement and financial support.

**General life of the College.**

The strength of the college during the present academic year is 854 consisting of 537 men students and 317 women students. 250 students reside in the men's hostels and 85 students in the College Women's hostel.

The Y. W. C. A. Hostel for women accommodates 64 students.

The various hostels and the three Day Scholars' Associations have been very successful and efficient in organising their community life through their elected committee of representatives under the guidance of their Wardens and Presidents.

We are very grateful to the State Transport Department for the excellent and courteous service which they rendered in affording safe and comfortable travel facilities for the large number of non-resident students coming from their homes to the college daily.

The new block of building was ready for use by the beginning of this new year. It has practically remedied the acute lack of class room accommodation which we have been experiencing ever since the introduction of the Three Year Degree Course.

It is not possible to look back upon the life of the year that is drawing to a close without regrets for the opportunities missed or not made full use of. I believe however that we have also good ground for satisfaction at the work well done and at the friendly cooperation within the college community which made a disciplined, rich and many-sided cultural and academic life possible. I wish to record my deep

appreciation of the good sense and loyalty of the students and the devotion and sense of responsibility of the staff, teaching and non-teaching.

We raise our hearts this day to God in thanksgiving for the many blessings we have received during the past year in spite of our unworthiness and many failures. We also remember with gratitude the founders and benefactors of the college. For us members of the Union Christian College—present and former students and members of the staff—today is also a day for renewed dedication of ourselves in the tasks that lie ahead of us and in the opportunities of service which beckon us.

# റഷ്യ–ചൈനാ സംഘട്ടനമോ ?

CHANDY Vailiparampil (old student)

കമ്മ്യൂണിസ്റ്റ് ആദർശങ്ങളാൽ നയിക്കപ്പെടുന്നതും കമ്മ്യൂണിസ്റ്റു കക്ഷി അധികാരത്തിൽ ഇരിക്കുന്നതുമായ രണ്ടു രാഷ്ട്രങ്ങളാണ് ചൈനയും റഷ്യയും. അടുത്ത കാലംവരെ ഈ രണ്ടു രാഷ്ട്രങ്ങളും അന്യോന്യം ആത്മമിത്രങ്ങളെപ്പോലെ വർത്തിച്ചിരുന്നു. എന്നാൽ ഇന്ന് ആ ബന്ധത്തിൽ നികത്താനാവാത്ത ഉടവ് തട്ടിക്കഴിഞ്ഞിട്ടുണ്ട്. റഷ്യയുടെയും ചൈനയുടെയും നടപടികൾ സസൂക്ഷ്മം പരിശോധിച്ചാൽ ഈ അന്തരം വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. എന്താണ് ഇതിന് അടിസ്ഥാനം ?.

റഷ്യൻ നേതാക്കന്മാരിൽ അഗ്രഗണ്യനായ നികിതാ ക്രൂഷേവിനെതിരായി ചൈന കൊണ്ടുപിടിച്ച പ്രചാരണത്തിൽ ഏർപ്പെട്ടിരിക്കയാണ് ഇന്ന്. അതുപോലെ തന്നെ സോവ്യറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിററിക്കെതിരായും ചൈന പ്രചരണം സംഘടിപ്പിച്ചിട്ടുണ്ട്.

റഷ്യ ചൈനക്ക് വിട്ടുകൊടുത്തിട്ടുള്ള റഷ്യൻ വിദഗ്ദ്ധന്മാരെയെല്ലാം തിരിച്ചുവിളിച്ചിരിക്കുകയാണ് ഇന്ന്. അതുപോലെ റഷ്യയിലെ ചൈനീസ് പ്രസിദ്ധീകരണങ്ങൾ റഷ്യ നിരോധിച്ചുകഴിഞ്ഞു. അടുത്ത കാലംവരെ പീക്കിംഗിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന സോവ്യറ്റ്-ചൈനാ ഫ്രണ്ട്ഷിപ്പ് (Soviet China-Friendship) എന്ന റഷ്യൻ പ്രസിദ്ധീകരണം റഷ്യ നിറുത്തലാക്കിക്കഴിഞ്ഞു. ഇതിനും പുറമെ സോവ്യറ്റ് ചൈന അതിർത്തികളിൽ റഷ്യ പട്ടാളത്തെ തയ്യാറാക്കി നിറുത്തിയിട്ടുണ്ട്.

ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലും "World Peace Council", "World Federation of Trade Unions", "World Federation of Democratic Youth" തുടങ്ങിയ ബഹുജന പ്രസ്ഥാനങ്ങളിലും ചൈന റഷ്യക്കെതിരായ നിലപാടാണ് സ്വീകരിക്കുന്നത്. കമ്മ്യൂണിസ്റ്റല്ലാത്തവരുടെയും ക്രൂഷേവിന്റെ സമാധാന സഹവർത്തിത്വത്തെ പിൻതാങ്ങുന്നവരുടെയും നേരെ ചൈന ആക്രമണം ആരംഭിച്ചിട്ടുണ്ട്.

നെഹ്റു അടുത്തകാലത്ത് മോസ്കോ സന്ദർശിച്ചപ്പോൾ ക്രൂഷേവ് ഈ പ്രശ്നം അദ്ദേഹവുമായി ചർച്ച ചെയ്യുകയുണ്ടായി. ലോക കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ രിക്കാർഡുകളിൽ ഈ ഭിന്നിപ്പിന്റെ ചരിത്രം വ്യക്തമായിക്കിടപ്പുണ്ട്. എങ്കിലും ആ ചരിത്രം അധികമാരും അറിഞ്ഞിരിക്കയില്ല. അതിൽ സമാധാനത്തിനും, സഹവർത്തിത്വത്തിനും ജനാധിപത്യത്തിനും എതിരായ ഒരു ഭീഷണി ചൈനയിൽനിന്നും ഉയർന്നുവരുന്നതു കാണാം. ഈ ഭീഷണിയിൽനിന്നും ചൈനയെ പിൻതിരിപ്പിക്കുന്നതിനുള്ള ലോക സ്നേഹികളുടെ പരിശ്രമമെല്ലാം ചൈനീസ് പ്രസിഡൻറ് മാവോസേതുങ്ങിന്റെയും (Mao-Tse-Tung) സെക്രട്ടറി പ്രമുഖനായ ടെങ്ങ് സ്യാപിങ്ങിന്റെയും (Teng Hsiaoping) മുൻപിൽ പരാജയപ്പെടുകയാണുണ്ടായിട്ടുള്ളത്.

### ഭിന്നിപ്പ് മൂന്നു കാര്യങ്ങളിൽ

1956-ൽ റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി 20-ാം പാർട്ടി കോൺഗ്രസ്സിൽ വച്ച് സ്റ്റാലിന്റെ വ്യക്തിപൂജ (Cult of personality) യെ അധിക്ഷേപിച്ചത് ചൈനീസ് കമ്മ്യൂണിസ്റ്റുകൾക്ക് രസിച്ചില്ല. 1957-ലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അന്താരാഷ്ട്രീയ സമ്മേളനം ചൈനയെ കുററപ്പെടുത്തിയതും ചൈനക്കു രസിച്ചില്ല. അതിനെ തുടർന്ന് 1958-ലും 1959-ലും ചൈന അവർക്ക് റഷ്യയോടുള്ള എതിർപ്പ് മൂന്നു സംഗതികളിൽ തുറന്നു പ്രഖ്യാപിക്കുകയുണ്ടായി.

### 1. ഇൻഡ്യാ-ചൈന അതിർത്തിത്തർക്കം

ഇൻഡ്യാ-ചൈന അതിർത്തിത്തർക്കത്തിൽ ഇൻഡ്യയുടെ നിലപാടാണ് റഷ്യ ശരിവച്ചത്. അതു ചൈനയെ ശുണ്ഠിപിടിപ്പിച്ചു. ചൈന ഇൻഡ്യയുടെ വടക്കൻ അതി

ത്തികളിൽ ഏതാണ്ട് 42000 ചതുരശ്ര മൈൽ കയ്യേറിയ വസ്തുത ഇതിനകം പല പ്രാവശ്യം വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്.

### 2. *ക്രൂഷ്ചേവിന്റെ അമേരിക്കാ സന്ദർശനം.*

മുതലാളിത്ത രാഷ്ട്രമായ അമേരിക്കൻ ഐക്യനാടുകൾ സോഷ്യലിസ്റ്റ് നേതാവായ ക്രൂഷ്ചേവിനെപ്പോലുള്ളവർ സന്ദർശിച്ചത് റഷ്യക്കും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും അപമാനകരമാണെന്നാണ് ചൈനയുടെ വാദം.

### 3. *ചൈനാ–റഷ്യ അതിർത്തി*

സിംഗ്കിയാംഗിനടുത്തു കിടക്കുന്ന സോവ്യറ്റ് കസാക്കിസ്ഥാൻ (Soviet Kazakhistan) തങ്ങളുടേതാണ് എന്ന് ചൈന അവകാശപ്പെട്ടതും ഔട്ടർമംഗോളിയാ —ചൈനയോടു ചേർക്കണമെന്ന് ചൈന വാദിച്ചതും സമ്മതിച്ചു കൊടുക്കുവാൻ റഷ്യ തയ്യാറായില്ല. ഇതു ചൈനയെ രോഷാകുലയാക്കി.

### *ക്രൂഷ്ചേവിനെതിരെ അട്ടിമറി*

ലെനിന്റെ 90-ാം ജന്മദിനാഘോഷത്തിനു ശേഷം "Long Live Leninism" എന്ന തലക്കെട്ടിൽ ഒരു നീണ്ട ലേഖനപരമ്പര ചൈന പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതു മുഴുവനും റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയേയും ക്രൂഷ്ചേവിനേയും അധിക്ഷേപിക്കുന്നതിനു വേണ്ടിയാണ് വിനിയോഗിച്ചത്. അതിലും ഗൗരവമേറിയത് റഷ്യൻ നേതൃത്വത്തെ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ നിന്നും ഒറ്റപ്പെടുത്തുന്നതിനും സോവ്യറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഒരു ചൈനീസ് പക്ഷം (China-wing) രൂപീകരിച്ച് ക്രൂഷ്ചേവിനെ തകിടം മറിക്കുന്നതിനും ഉള്ള ചൈനയുടെ ശ്രമമായിരുന്നു.

1959-ൽ ചൈന അവിടെയുള്ള റഷ്യൻ വിദഗ്ദ്ധന്മാരെയെല്ലാം വശീകരിക്കുവാൻ തുടങ്ങി. പാരിതോഷികങ്ങളും മറ്റ് ആനുകൂല്യങ്ങളും അതിനുവേണ്ടി വിനിയോഗിച്ചു. റഷ്യ അതിനെ എതിർത്തു. ചൈന അതു കൂട്ടാക്കിയില്ല. അതിനെ തുടർന്ന് റഷ്യ അവരുടെ വിദഗ്ദ്ധന്മാരെയെല്ലാം ചൈനയിൽനിന്ന് പിൻവലിച്ചു.

പിന്നീട് സോവ്യറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ബ്രാഞ്ചുകളിലും മെമ്പറന്മാരുടെ ഇടയിലും റഷ്യാ വിരുദ്ധ സാഹിത്യങ്ങൾ ചൈന നേരിട്ടു പ്രചരിപ്പിക്കുവാൻ തുടങ്ങി. ഇത് സ്നേഹവിരുദ്ധവും ദ്രോഹപരവും ആയ ഒരു നടപടിയായിരുന്നു. അതിനെ തുടർന്ന് റഷ്യ അത്തരം ചൈനീസ് പ്രസിദ്ധീകരണങ്ങൾ നിരോധിച്ചുത്തരവിട്ടു.

### *ചൈനയുടെ ജിഹാദ് വിളി*

ഇത് 1960 ഏപ്രിൽ മാസത്തിൽ പീക്കിങ്ങിൽ വച്ചു നടത്തിയ ലോക തൊഴിലാളി സംഘടനയുടെ സമ്മേളനത്തിൽ ഒരു തുറന്ന സംഘട്ടനത്തിനിടയാക്കി. സോവ്യറ്റ് പ്രതിനിധികളേയും റഷ്യയെ പിൻതാങ്ങുന്നവരെയും ചൈന ശക്തിയായി അധിക്ഷേപിച്ചു. അതിനെ തുടർന്ന് ചൈന ലോക തൊഴിലാളി സംഘടനയുടെ ഒരു രഹസ്യ സമ്മേളനം പീക്കിങ്ങിൽ വിളിച്ചു കൂട്ടുകയുണ്ടായി. അതിൽ റഷ്യയെ കരുതലോടെ ഒഴിവാക്കിയിരുന്നു. ഇരുപതാം കോൺഗ്രസ്സിനു ശേഷമുള്ള സോവ്യറ്റ് നയത്തെ ചൈന കുറ്റപ്പെടുത്തി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിവിധ ഘടകങ്ങളിൽ നിന്നും സോവ്യറ്റ് വിരുദ്ധ പ്രചാരവേലയ്ക്ക് പരിശീലകരെ തിരഞ്ഞെടുത്തു. അതിൽ ഒരാളായിരുന്നു ഇൻഡ്യയിലെ ഹരേ കൃഷ്ണ കൊണാർ (Hare Krisha Konar)

### *മോസ്കോയുടെ തിരിച്ചടി*

ചൈനയുടെ ദുഷ്പ്രചാരണം സഹിക്കവയ്യാതായപ്പോൾ പ്രശ്നങ്ങൾ വെളിച്ചത്തു കൊണ്ടുവരുവാൻതന്നെ റഷ്യ തീരുമാനിച്ചു. ചൈന തങ്ങളുടെ തെറ്റു മനസ്സിലാക്കി വേണ്ടതു ചെയ്യും എന്ന പ്രതീക്ഷ റഷ്യക്കുണ്ടായിരുന്നു. സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനും സമാധാനത്തിനും തങ്ങളുടെ പ്രവൃത്തികൾ നിരക്കാത്തതാണ് എന്ന വസ്തുത മനസ്സിലാക്കുവാനുള്ള കഴിവ് ചൈന പ്രകടിപ്പിക്കുമെന്നും അവർ വിചാരിച്ചു.

1960-ൽ Cenral Committe മുഖേന കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രമുഖ നേതാക്കന്മാർക്ക് ഒരു മെമ്മോറാണ്ഡം അയച്ചു. അതിനെ തുടർന്ന് പ്രമുഖ കമ്മ്യൂണിസ്റ്റ് സംഘടനകളുടെ ഒരു സമ്മേളനം ബുക്കാറസ്റ്റ് (Buckarest)-ൽ റഷ്യ വിളിച്ചുകൂട്ടി. അ

പ്പോൾ റുമേനിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മൂന്നാം സമ്മേളനം നടക്കുകയായിരുന്നു. കേന്ദ്രസംഘടന റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാട് ശരിവച്ചു. ചൈനയുടെ അധികാര മോഹത്തിന്റെ അപകടം അവർ ശരിക്കു മനസ്സിലാക്കുമെന്നു റഷ്യ പ്രതീക്ഷിച്ചു. അന്തരത്തിലുള്ള ഒന്നും സംഭവിച്ചില്ല.

ബുക്കാറസ്റ്റ് (Buckarest) സമ്മേളനത്തോട് മാവോയ്ക്ക് അടങ്ങാത്ത കോപം ഉണ്ടായി. അദ്ദേഹത്തിനു കലി കയറി. സോവ്യറ്റ് കമ്മ്യൂണിസ്റ്റുകളേയും ക്രൂഷേവിനെ വ്യക്തിപരമായും പരാമർശിച്ച് ഒരു കുറ്റപത്രം ചൈന പ്രസിദ്ധപ്പെടുത്തി. ചൈനയും റഷ്യയും തമ്മിലുള്ള പിളർപ്പിന്റെ അവസാനക്കുറ്റിയായിരുന്നു അത്. ആ കുറ്റപത്രത്തിൽ സോവ്യറ്റ് യൂണിയന്റെ കുറ്റങ്ങൾ കലവറയില്ലാതെ ചൈന എണ്ണിക്കാട്ടിയിരുന്നു. അതിൽ പ്രധാനപ്പെട്ട ചില കുറ്റങ്ങൾ ചുവടെ വിവരിക്കാം.

(1) സോവ്യറ്റ് നേതൃത്വം ഭീരുത്വം നിറഞ്ഞതാണ്. ചൈനയുടെ നിർബ്ബന്ധമുണ്ടായിരുന്നതുകൊണ്ടു മാത്രമാണ് റഷ്യക്ക് ബുഡാപ്പെസ്റ്റിലേക്ക് (Budapest) 1956-ലെ ഹംഗേറിയൻ സംഭവങ്ങളുടെ കാലത്ത് സൈന്യത്തെ അയക്കുവാൻ സാധിച്ചത്.

(2) സോവ്യറ്റ് നേതൃത്വം "സാമ്രാജ്യത്വ പര"മാണ്. അതിന് തെളിവാണ് 1956-ൽ റഷ്യ പോളണ്ടിൽ (Poland) അക്രമം അഴിച്ചുവിട്ടത്.

(3) ക്രൂഷേവ് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പുതിയ അവതാരകനാണ്. സാമ്രാജ്യത്വത്തെ ക്രൂഷേവ് ഒരു പുതിയ രൂപത്തിൽ കാണിക്കുന്നു.

(4) ക്രൂഷേവ് ചൈനാ വിരുദ്ധനാണ്. മാത്രമല്ല അതിർത്തി പ്രശ്നത്തിൽ നെഹ്റുവിനെപ്പോലുള്ള ബൂർഷ്വാകളേയും ചതിയന്മാരേയും പിൻതാങ്ങുകകൂടി ചെയ്യുന്നു.

(5) ക്രൂഷേവ് യുദ്ധം ഒഴിവാക്കാവുന്ന ഒന്നാണ് എന്നു പറഞ്ഞു ലോകത്തെ വഴിപിഴപ്പിക്കുന്നു. പൂർണ്ണ നിരായുധീകരണത്തിനുവേണ്ടി തെററായും നിഷ്ഫലമായും പരിശ്രമിക്കുന്നു. അതും മുതലാളിത്തവും സാമ്രാജ്യത്വവും നിലനില്ക്കുന്നിടത്തോളം കാലം നിലനില്ക്കുകതന്നെ ചെയ്യുന്ന യുദ്ധം ഒഴിവാക്കാൻ വേണ്ടി.

(6) ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ തങ്ങളാണ് എന്നു റഷ്യ അവകാശപ്പെടുന്നു എങ്കിലും അവർക്ക് അതിനുള്ള യോഗ്യത ഇല്ല.

***മോസ്കോ വീണ്ടും തിരിച്ചടിക്കുന്നു***

റഷ്യയുടെ മറുപടിക്കു വേണ്ടി ചൈന കാത്തുനിന്നില്ല. ആ കുറ്റപത്രം ഉടൻ തന്നെ സ്വന്തം അനുയായികളുടെ ഇടയിൽ വിതരണം ചെയ്തു. ചൈനയിലും മററു കമ്മ്യൂണിസ്റ്റുകളുടെ ഇടയിലും അവർ ഒരു റഷ്യാവിരുദ്ധ (antisoviet campaign) പ്രചാരണം സംഘടിപ്പിച്ചു. റഷ്യ ചൈനക്ക് നല്കിയിട്ടുള്ള സഹായം ചെറുതാക്കിക്കാണിച്ചു. മാത്രമല്ല പലതിലും റഷ്യൻ വിദഗ്ദ്ധന്മാർക്കു യോഗ്യതയില്ലെന്നു കുറ്റപ്പെടുത്തുകയും ചെയ്തു. അവർ മൂലമാണ് ചൈനക്ക് 1959-'60-ൽ സാമ്പത്തിക തകർച്ചയുണ്ടായതെന്ന് അവർ ഉൽഘോഷിച്ചു.

1960 അവസാനം 25000 വാക്കുകൾ അടങ്ങുന്ന ഒരു മറുപടി റഷ്യ തയ്യാറാക്കി. അതിൽ ചൈനയുടെ ഉദ്ദേശങ്ങളും പരിപാടികളും ശരിക്ക് വെളിപ്പെടുത്തിയിരുന്നു. അതിൽ വസ്തുതകൾ കണക്കുകൾ ഉദ്ധരിച്ച് വളരെ യഥാർത്ഥമായി ഉൾക്കൊള്ളിച്ചിരുന്നു. ചൈനാക്കാർ വാസ്തവത്തിൽ യുദ്ധത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നും അക്രമ പ്രേമികളാണെന്നും സോഷ്യലിസത്തെ ശക്തിപ്രയോഗം മൂലം നിർമ്മാർജ്ജനം ചെയ്യുവാൻ ആഗ്രഹിക്കുന്നവരാണെന്നും അട്ടിപ്പിടിയെ പ്രോത്സാഹിപ്പിക്കുന്നവരാണെന്നും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തെത്തന്നെ ഇരുങ്കം വള്ളുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നവരാണെന്നും റഷ്യ ആക്ഷേപിച്ചു.

ചൈന റഷ്യയുടെ ഈ മറുപടിക്ക് ഒരു പുല്ലുപോലും വിലവച്ചില്ല. അവരുടെ എതിർപ്പ് പൂർവ്വാധികം ശക്തിപ്പെടുത്തുകയാണുണ്ടായത്.

ഇതാണ് റഷ്യയുടെയും ചൈനയുടെയും ഇന്നത്തെ നില. ചൈനയുടെ ഈ വമ്പ

നാപരമായ നിലപാട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോടു മാത്രം ഉള്ളതല്ല. ചൈന ഇൻഡ്യയെ വഞ്ചിച്ചിരിക്കയാണ്. ഇൻഡ്യയുടെ വടക്കേ അതിർത്തിയിൽ 43000-ത്തോളം ചതുരശ്രമൈൽ ഇന്ന് ചൈന ആക്രമിച്ച് കൈവശം വച്ചുകൊണ്ടിരിക്കയാണ്. ചൈന ലോക സമാധാനം സ്ഥാപിക്കുന്നതിൽ അപ്രധാനമല്ലാത്ത ഒരു പങ്കു വഹിക്കുമെന്നുള്ള ലോക രാഷ്ട്രങ്ങളുടെ പ്രതീക്ഷകളെ തട്ടിത്തകർത്തുകളഞ്ഞു.

[Courtesy to *BLITZ*]

---



" കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം"

*By* Ibrahim M.A. (ii Philo.)





*By* GRACY VARGHESE, *Class I Maths.*

## COLLEGE CHAMPIONS FOR THE YEAR

Men Section :— M. J. Jacob, College Champion and Winner of the Kandathil Eapen Memorial Cup.

George Zachariah, College Champion and Sports Captain for the year.

Women Section :— Miss V. I. Kumari, Class II.

## THE COLLEGE CAPTAINS (MEN) 1961–'62

Sitting (L. to R.):— M/s. P. A. Issac (Hockey); Thomas Varghis (Tennis); C. C. Joy (Foot-ball); George Zachariah (Athletics); Baby John (Volley ball).

Standing (L. to R.):— M/s. Thomas Ninan (Cricket); M. K. Mani (Basket ball); Jose Thomas (Badminton).

College Champions for the year.





College Captains.



## ON THE SPORTS DAY—Jan. 13, 1962.



The tape is not far ahead



Our Triple Jumper in Action



The most interesting item
(Staff Musical Chair Competition)



The Javelin flies high



The beginning of the end
(Sri C. P. Andrews escorts back Captain, G. K. Menon after the flag retreating Ceremony. Mrs. Menon who distributed the prizes can also be seen in the picture.)



An athlete's dream
(Mrs. G. K. Menon distributing Certificates).

# പാഴ്ക്കിനാവ്

(Sushila Thampi T. K. Class i Chem.)

ആററിൻ കരയിലെ വെൺമണൽത്തിട്ടിൽ ഞാ-
നൊററയ്ക്കൊരന്തിയിൽച്ചെന്നിരിക്കെ,

പൊൽക്കുടമേന്തിയണഞ്ഞു വാനിൽ മതി
പീയൂഷ വർഷം ചൊരിഞ്ഞിടാനായ്.

വെള്ളിനീർപ്പുഴപോലെൻ ചുററിലും നിലാ-
വുള്ളം കുളുർപ്പിച്ചൊഴുകി നിന്നു.

വാനൊളി കാന്തിയിലാറാടി സർവ്വവും
വാനിലും പാരിലുമെങ്ങുമൊപ്പം

മുററുമാ മുഗ്ദ്ധപ്രകൃതി തൻ ചിത്രത്തിൽ
മന്മനമൊന്നായലിഞ്ഞു ചേർന്നു

പാരിപ്പുറമെന്നരികത്തു വാവലും
പുള്ളും നരിച്ചീറും, രാക്കിളികൾ;

തെല്ലകലത്തിലരയന്ന തൻ കാട്ടിലായ്
പല്ലവി പാടുന്ന ചീവീടുകൾ

നിശ്ചലനിസ്തബ്ധ മേദുര സുന്ദര-
മച്ഛസ്ഫടികമക്കൊച്ചാറിനെ,

അങ്ങകലത്തിലന്നില ശിഖരങ്ങൾ
നീഹാരഹാരമണിഞ്ഞാതങ്ങി.

ഏന്തിനോക്കുന്നു തൻ പിഞ്ചുകിടാവിനെ-
യുള്ളുണ്ണ വാത്സല്യമോരമ്മയെപ്പോൽ...

നാകീയ വീണതൻ നാദന്ത തന്ത്രികൾ
നേർമ്മയിൽ മീട്ടുന്ന തെങ്ങോലകൾ....

ദൂരെപ്പുഴ തൻ വിരിമാറിൽ, മീനങ്ങൾ
നീന്തിത്തുടിപ്പൂ, ഹാ! തോഷമഗ്നർ!

മിന്നിമയങ്ങി വിയത്തലങ്ങളിൽ
മിന്നാമിനുങ്ങുകളാത്തമോദം...

സങ്കല്പ സ്വർഗ്ഗത്തിന്നോടക്കുഴലൊലി-
യെന്നന്തരംഗത്തിൽ ഊറി നിന്നു.

ആയിരമായിരം മോഹങ്ങളാശക-
ളായിരം സ്നേഹാർദ്ര നിസ്വനങ്ങൾ

എത്രയോ ദിവ്യ സ്മരണകൾ, മുഗ്ദ്ധമാം
ഭാവിപ്രതീക്ഷകൾ ശോഭനങ്ങൾ!

ആശാപ്രസൂനങ്ങൾ പൊട്ടിവിരിഞ്ഞിട്ടു-
മാനിശ തൻ മൂകശാന്തതയിൽ

വന്നണഞ്ഞു ചലച്ചിത്രത്തിലെന്നപോൽ
രമ്യമാം ദൃശ്യങ്ങളങ്ങനേകം

പുത്തനാമാമ്പലിൻ നുവിതൾത്തുമ്പിലെ-
പ്പുഞ്ചിരിപ്പൂനിലാവെത്ര കണ്ടു!

'രാ'വിന്റെ റാണി' തൻ നുമിഴിക്കോണി-
ലെ-ക്കാണാക്കവിതകളെത്ര കണ്ടു!

എത്രയോ വെൺതാമരകൾ തൻ രാഗാർദ്ര
വക്ത്രത്തിലെച്ചെറുപ്പു കണ്ടു.

ചേലിൽ ശരത്കാല ചന്ദ്രികാ ചർച്ചിത
യാമിനിയെത്രയെൻ മുന്നിൽ വന്നു!

ഒട്ടു സമയമിരുന്നു ഞാനത്തിട്ടിൽ
നേത്രമാറാലകളെച്ചിന്നക്കി...

മേഘക്കുരുന്നുകളംബര വീഥിയിൽ
മോഹനമാല്യങ്ങൾ കോർത്തു ചാർത്തി

മാരിവില്ലിന്നൊളിയാർന്ന സൂക്ഷ്മമാ
മാനത്തെ വാടാമലർ വനിയിൽ

ഫുല്ലപ്രസൂനങ്ങളാം താരകാജാലങ്ങൾ
മന്ദഹാസം പൂണ്ടുനിന്നിരുന്നു....

വാനിനുമപ്പുറമജ്ഞാത ലോകത്തി-
ലാനന്ദ വീചികൾ തിങ്ങും നാട്ടിൽ

സ്വപ്നമണിമയ കൊട്ടാരമുററത്തിൽ
പാഞ്ഞു പറന്നന്നിയെൻ ചേതന......

പാരിജാതങ്ങൾ വിരിഞ്ഞിടും വാടിയിൽ
പൂമ്പാററപോൽ വിരിസൂനങ്ങളിൽ

ചുഴവേ മണ്ടി മധുപാനമത്ത ഞാൻ
കാന്തികിരണങ്ങൾ തൻ നടുവിൽ...

ചിത്രവല്ലിപ്പുഷ്പതാലങ്ങളേന്തിയും,
പത്രഗണങ്ങൾ കുടപിടിച്ചും,

നൽപ്പച്ചനളിർപ്പട്ടടയാട ചാർത്തിയും
നന്മധു തൂകിയും, പുഞ്ചിരിച്ചും,

ചന്തത്തിലാടിയും, മന്ദമായ് പാടിയും,
ചേണുററ ദീപ്തിയിലാറാടിയും-

സൗഭാഗ്യവാപ്തിനാലുല്ലാസ ചിത്തരായ്
മേവിയപ്പൂങ്കാവിന്നോമനകൾ...

സൗന്ദര്യമൂർത്തികൾ, സ്വർഗ്ഗീയ നാരികൾ
സാദരം വന്നെന്നെസ്സല്ക്കരിച്ചു.
സന്തോഷ വാരിധിയിലാവോളം മുങ്ങിയും
സമ്മോഹരംഗങ്ങളാസ്വദിച്ചും
മോഹന സ്വപ്നസരിത്തിന്നലകളിൽ
മാണിക്യത്തോണി തുഴഞ്ഞു നീങ്ങി
യാമങ്ങൾ പിന്നിട്ടതേതുമറിഞ്ഞില
യാതനയേശാതെ ഞാൻ ചരിക്കേ...

അദൃശ്യലോകത്തിൻ രത്ന കവാടങ്ങൾ
ഭദ്രമായ് ബന്ധിച്ചിതെന്റെ നേരേ.
സൗരഭ വാഹി കളിർതെന്നൽ വന്നെന്നെ-
യാരോമൽക്കൈകളാൽ താലോലിച്ചു...
സാന്ത്വനമോതാൻ മറന്നില താരകൾ
സന്തപ്ത ചിത്തയായെന്നെ നോക്കി...
നിദ്രയെൻ കൺകളിൽ നർത്തനം ചെയ്തു ഞാ-
നമ്മണൽത്തിട്ടിനെ വിട്ടകന്നു.

... ... ... ...

പൊട്ടുന്ന മാറൊലികൊണ്ടു കുന്നുകളിൽ
പാതിരാക്കോഴി തൻ കൂജനങ്ങൾ
ഞെട്ടിയുണർന്ന ഞാനമ്മോഹ നിദ്രവി-
ട്ടെത്തിയഴലാളുമിങ്ങു വീണ്ടും.
കെട്ടിപ്പടുത്തൊരാഭാവനാ സാമ്രാജ്യ-
മപ്പോടെ മുന്നിൽത്തകർന്നു വീണു

... ... ... ... ...

പിന്നോട്ടുപൂരിതമൂടിപ്പിലെൻ സ്വപ്നങ്ങൾ
വെണ്മഞ്ഞുപോലലിഞ്ഞിറ്റുപോയി...
കോമളമഞ്ജുനീർപ്പൂവിന്നിതളുകൾ
വാടിത്തളർന്നു ഞെട്ടറ്റു വീണു....
തങ്ങിനിന്നായതിൻ ശുദ്ധപരിമളം
തെല്ലിട മാമക മാനസത്തിൽ.



"നേരിട്ടുനിന്നുള്ള സുന്ദരി കണ്ണുകൾ
വേറിട്ട സംഗതികൾകൊണ്ടു ചിരിച്ചുകൊണ്ടാൾ"

*By*
IBRAHIM M. A. (ii Philo.)

# പ്ലാനിങ്ങും പൊതുമേഖലയും

(A. K. Chittazathe Class II Economics)

മൂന്നാം പഞ്ചവത്സരപദ്ധതിയുടെ 16-ാം അദ്ധ്യായത്തിൽ ഇന്ത്യയിൽ വളർന്നു വരുന്ന പൊതുവിഭാഗത്തെക്കുറിച്ചു സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ഈ പൊതുമേഖലയുടെ ഉദ്ദേശം ആസൂത്രിത സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുകയും നമ്മുടെ ലക്ഷ്യമായ സോഷ്യലിസ്റ്റ് മാതൃകയിലുള്ള സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ സഹായിക്കുകയുമാണ്. വളരെയധികം മൂലധന നിക്ഷേപം ആവശ്യമുള്ള വ്യവസായങ്ങൾ പലതും, ഗവണ്മെന്റ് മുന്നിട്ടിറങ്ങി പ്രവർത്തിച്ചിരുന്നില്ലെങ്കിൽ, സ്ഥാപിക്കപ്പെടുമായിരുന്നില്ല. വ്യവസായ സ്ഥാപനങ്ങളിൽ നിന്നുണ്ടാകുന്ന ലാഭം, സ്വകാര്യവിഭാഗത്തിലാണെങ്കിൽ, കുറച്ചുപേരുടെ സ്വാധീനത്തിൽ ആവുകയും സാമ്പത്തികമായ അസമത്വം വർദ്ധിക്കുകയും ചെയ്യും. നേരെ മറിച്ചു പൊതുവിഭാഗത്തിൽ ലാഭം വർദ്ധിക്കുകയാണെങ്കിൽ അതു പൊതുസമ്പാദ്യമായും നിക്ഷേപമായും രൂപാന്തരപ്പെടുകയാണ് ചെയ്യുന്നത്. എന്നാൽ നിയന്ത്രിതമായ സ്വകാര്യമേഖലയ്ക്കും പ്രജായത്താസൂത്രണവ്യവസ്ഥയിൽ അതിന്റേതായ ഒരു പങ്കു വഹിക്കാനുണ്ടെന്നു പ്ലാനിങ്ങുകമ്മീഷനും ഗവണ്മെന്റും അംഗീകരിച്ചിട്ടുണ്ട്. തന്മൂലം സ്വകാര്യമേഖലയും പൊതുമേഖലയും സഹവർത്തിക്കുന്ന ഒരു സങ്കര സാമൂഹ്യ വ്യവസ്ഥിതിയാണ് നമുക്കിന്നുള്ളത്. രണ്ടു മേഖലയും തമ്മിൽ യാതൊരു മാത്സര്യവും ഇല്ല. എന്നു മാത്രമല്ല വളരെയധികം സഹകരണം പ്രതീക്ഷിക്കുന്നുമുണ്ട്. ഇന്നത്തെ പരിതഃസ്ഥിതിയിൽ രണ്ടിന്റെയും ഒരുപോലുള്ള വളർച്ചയാണു നമുക്കാവശ്യം. 1956 ജനുവരിയിൽ ദേശീയ വികസനകൗൺസിലിൽ സംസാരിച്ചുകൊണ്ടു പ്രധാനമന്ത്രി പറഞ്ഞ വാക്കുകൾ എത്രയും അന്വർത്ഥമാണ്. "പൊതുമേഖലയെന്നും സ്വകാര്യമേഖലയെന്നും ഉള്ള വാക്കുകൾ നാം മറക്കുക. എന്നാൽ മറക്കാൻ വയ്യാത്ത ചില വസ്തുതകളുണ്ട്. സാമ്പത്തിക ശക്തി സ്വകാര്യ വ്യക്തികളുടെ കയ്യിൽ കേന്ദ്രീകരിക്കരുത് എന്നു തന്നെയുമല്ല സാമ്പത്തിക രംഗത്തു വികേന്ദ്രീകരണം ഒഴിച്ചുകൂടാത്തതുമാണ്. എല്ലാവിധത്തിലുമുള്ള കുത്തകയും ഒഴിവാക്കപ്പെടണം എന്നാണിതിനർത്ഥം." ***പൊതുമേഖലപദ്ധതികളിലൂടെ*** പ്ലാനിങ്ങു തുടങ്ങിയതിൽ പിന്നെ പൊതുവിഭാഗത്തിനു നിരന്തരം വളർച്ചയാണുണ്ടായിട്ടുള്ളത്. അടിസ്ഥാന വ്യവസായത്തെ സംബന്ധിച്ചിടത്തോളമെങ്കിലും ഗവണ്മെന്റിനുള്ള പങ്കു ദിനംദിനം വർദ്ധിച്ചു വരികയാണ്. തുടർച്ചയായുള്ള മൂന്നു പഞ്ചവത്സരപദ്ധതികളിൽ പൊതുമേഖലയുടെ പങ്ക് കാണിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽനിന്ന് ഇക്കാര്യം വ്യക്തമാകുന്നുണ്ട്.

| | പൊതുമേഖല (കോടി ക.) | സ്വകാര്യമേഖല (കോടി ക.) | ആകെ നിക്ഷേപം (കോടി ക.) |
|---|---|---|---|
| ഒന്നാം പദ്ധതി | 1560 | 1800 | 3360 |
| രണ്ടാം പദ്ധതി | 3650 | 3100 | 6750 |
| മൂന്നാം പദ്ധതി | 6300 | 4100 | 10400 |

അതുപോലെതന്നെ സാമ്പത്തിക ഘടനയെ ഒന്നിച്ചെടുക്കുകയാണെങ്കിൽ മൊത്തം ദേശീയ വരുമാനത്തിൽ സർക്കാരിന്റെ പങ്ക് 1951-ൽ വെറും 6% ആയിരുന്നതു 1958-ൽ 9 % ആയി വർദ്ധിച്ചു എന്നു കാണാം. പ്രതിരോധ വകുപ്പൊഴിച്ചുള്ള പൊതുവിഭാഗത്തിൽ തൊഴിൽ നില 1951-നും 1958-നും ഇടയ്ക്ക് 24.16 ലക്ഷം എന്നതിൽനിന്നും 34.78 ലക്ഷമായി ഉയർന്നതും പൊതുമേഖലയുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യത്തെയാണ് കുറിക്കുന്നത്. ഇത് ഇൻഡ്യയിലെ മാത്രം കാര്യമല്ല. മുതലാളിത്ത വ്യവസ്ഥിതിയില്ല

ള്ള മിക്ക രാജ്യങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്. പീർ ജെക്കോബ്സന്റെ അഭിപ്രായത്തിൽ മിക്ക രാജ്യങ്ങളുടെയും ദേശീയ വരുമാനത്തിൽ പൊതുവിഭാഗത്തിന്റെ പങ്കു ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. 1914-നു മുമ്പ് 6 % മുതൽ 10 % വരെയായിരുന്നതു് ഇപ്പോഴേതാണ്ടു 30% ആയിട്ടുണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. 1954-ലെ കണക്കനുസരിച്ച് അമേരിക്കയിൽ ആകെ തൊഴിലാളികളുടെ 15% വരുന്ന ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരിൽ വ്യക്തി വരുമാനത്തിന്റെ 17% സർക്കാരിൽനിന്നു് ഉത്ഭവിച്ചതുമാണ്.

ഇൻഡ്യയിൽ പൊതുമേഖല വളർന്നുവരികയാണെങ്കിൽക്കൂടെയും അതു് ഇപ്പോഴുള്ള സ്വകാര്യ മേഖല വളരെയധികം പ്രാധാന്യം വഹിക്കുന്നതുകൊണ്ടാണ്. ഏതാണ്ടു 90% വരും അതിന്റെ പങ്ക്. നമ്മുടെ ദേശീയ വരുമാനത്തിന്റെ വലിയ പങ്കു കൃഷിയിൽ നിന്നും അതിനോടനുബന്ധിച്ച സംരംഭങ്ങളിൽ നിന്നുമാണ് എന്നോർക്കുമ്പോൾ അതിൽ ഒട്ടും തന്നെ ആശ്ചര്യപ്പെടുവാനില്ല. കഴിഞ്ഞ പത്തു വർഷത്തെ വ്യവസായ വികസനം കൃഷിയെ ഒട്ടും തന്നെ കുറച്ചിട്ടില്ല എന്നു തന്നെ പറയാം. അതുതന്നെയുമല്ല സംഘടിതമായ വ്യവസായ രംഗത്തുപോലും സ്വകാര്യമേഖലയാണു മുന്നിട്ടു നില്ക്കുന്നതു്. 1960 മാർച്ച് 3:-ന് ഇൻഡ്യാ ഒട്ടാകെ 125 ഗവണ്മെന്റ് ജോയിന്റ് സ്റ്റോക്ക് കമ്പനി ഉണ്ടായിരുന്നപ്പോൾ 2696 സ്വകാര്യമേഖല കമ്പനികൾ ഇവിടെ ഉണ്ടായിരുന്നു. ഗവണ്മെന്റു കമ്പനികളുടെ അടച്ചുതീർന്ന മൂലധനം (Fixed Capital) 468 കോടി ഉറുപ്പികയും സ്വകാര്യ കമ്പനികളുടേതു 1125 കോടി ഉറുപ്പികയും ആയിരുന്നു.

മറ്റു രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇൻഡ്യയിലെ പൊതുമേഖല ചെറുതാണെന്നു മേല്പറഞ്ഞ പ്രസ്താവനയിൽനിന്നു മനസ്സിലാക്കാം. പക്ഷെ സാമ്പത്തിക ഘടനയെ മൊത്തത്തിലെടുക്കുമ്പോൾ ഇതാണ് സ്ഥിതിയെങ്കിലും കൃഷി ഒഴിച്ചുള്ള മറ്റു രംഗങ്ങളിൽ കഴിഞ്ഞ പത്തു കൊല്ലങ്ങളിൽ വമ്പിച്ച പുരോഗതി ഉണ്ടായിട്ടുണ്ടെന്നു തീർത്തു പറയാം. ജലസേചനം, വിദ്യുച്ഛക്തി, ആഭ്യന്തരജല ഗതാഗതം, വിമാന ഗതാഗതം, കാർഷിക വ്യവസായ വായ്പകൾ എന്നീ രംഗങ്ങളിൽ പുതിയ പുതിയ ഘടകങ്ങൾ സ്ഥാപിക്കപ്പെട്ടുവെന്നു മാത്രമല്ല അവയുടെ ഭാവി നിയന്ത്രണത്തിനാവശ്യമായ സ്ഥാപനങ്ങൾ രൂപവൽക്കരിക്കയും ചെയ്തിട്ടുണ്ട്.

### *പ്രവർത്തനക്ഷമത വർദ്ധിപ്പിക്കണം*

വളർന്നു വരുന്ന പൊതുമേഖലയുടെ പ്രവർത്തനത്തിനു പദ്ധതികളുടെ വിജയം നിർണ്ണയിക്കുന്നതിൽ കാര്യമായ പങ്കുണ്ടെന്നു മേൽ പറഞ്ഞതിൽനിന്നും വ്യക്തമാണല്ലോ. സ്വയം പ്രവർത്തനക്ഷമമായ ഒരു ഘട്ടത്തിലേക്കു നമ്മുടെ സമ്പദ്‌വ്യവസ്ഥ നീങ്ങിക്കൊണ്ടിരിക്കുകയാണെങ്കിൽ സമ്പാദ്യം വർദ്ധിപ്പിക്കുന്നതിലും മൂലധനം സ്വരൂപിക്കുന്നതിലും ഉല്പാദന മേഖലയിലെ വ്യവസായങ്ങൾ മറ്റുള്ളവർക്കു മാതൃക കാണിക്കേണ്ടിയിരിക്കുന്നു. ഗവണ്മെന്റു വ്യവസായങ്ങൾ പലതും നഷ്ടത്തിലാണ് നടത്തപ്പെടുന്നതു് എന്ന പല്ലവി മന്ത്രിമാരും, വകുപ്പുമേലധികാരികളും ഒരുപോലെ ഉരുവിട്ടുകൊണ്ടിരിക്കുന്നതു നാം കേൾക്കാറുള്ളതാണല്ലോ. അതുകൊണ്ടു പൊതു വ്യവസായങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനു് അത്യാപേക്ഷണീയമായ ചില സംഗതികൾ ഇവിടെ പ്രസ്താവിക്കാം.

(1) ഭരണനടത്തിപ്പിനും വിവിധ നിലവാരത്തിൽ ജോലിക്കാരെ പരിശീലിപ്പിക്കുന്നതിനും പ്രാപ്തരായ ഉദ്യോഗസ്ഥന്മാർ ഇതിനു് ആവശ്യമുണ്ട്. ഇന്നത്തെ ദുഷിച്ച സമ്പ്രദായങ്ങൾ മാറ്റിയിട്ടു പകരം പഠിപ്പും സാമർത്ഥ്യവുമുള്ളവരെ നേരിട്ടു തെരഞ്ഞെടുത്തു പരിശീലനം നല്കിയതിനു ശേഷം ഉദ്യോഗത്തിൽ നിയമിക്കുക.

(2) ഓരോ സ്ഥാപനത്തിനും അതിന്റെ ലക്ഷ്യങ്ങൾ സംബന്ധിച്ച വ്യക്തമായ ധാരണകൾ ഉണ്ടായിരിക്കണം.

(3) മാനേജ്മെന്റിന്റെ പ്രാപ്തിയും സ്ഥാപനത്തിന്റെ മുഴുവൻ പ്രവർത്തന ക്ഷമതയും ഓരോ പടിയിലും അളന്നു തിട്ടപ്പെടുത്തുവാനുള്ള ഏർപ്പാടുകൾ ഉണ്ടായിരിക്കണം.

(4) പുതിയ സംരംഭങ്ങൾ തുടങ്ങുമ്പോൾ അവയുടെ ചെലവു സംബന്ധിച്ച മതിപ്പു

കൾ (Budgets) മുൻകൂട്ടി തയ്യാറാക്കേണ്ടതു് ആവശ്യമാണ്. ഉടക്കം മുതൽ അവസാനംവരെയുള്ള വിവിധ ഘട്ടങ്ങൾ മുൻകൂട്ടി നിശ്ചയിക്കുന്നതും നന്നായിരിക്കും.

(5) ഓരോ സ്ഥാപനത്തിന്റെയും വിവിധ ചെലവുകളുടെയും മുൻകൂർ മതിപ്പ് ഉണ്ടാക്കുന്ന സമ്പ്രദായം ചെലവുകൾ നിയന്ത്രിക്കുന്നതിൽ വളരെയധികം സഹായകമായിരിക്കും. ഇതിനെല്ലാം പുറമേ പ്രാപ്തവും പ്രായോഗികവുമായ ഒരു തൊഴിൽനയം ആവിഷ്കരിക്കപ്പെടണം.

വ്യവസായങ്ങളുടെ ആന്തരമായ പ്രവർത്തനം എങ്ങനെ സംഘടിപ്പിക്കണം എന്നതിനെക്കുറിച്ചാണല്ലോ മുകളിൽ പ്രസ്താവിച്ചതു്. ഭാവാവിഷ്കരണം പോലെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ രൂപസംവിധാനം. സാധാരണയായി മൂന്നു രൂപങ്ങളാണ് പൊതുമേഖലയിലെ വ്യവസായങ്ങൾക്കുള്ളതു്. ഗവണ്മെന്റു ഡിപ്പാർട്ടുമെന്റിന്റെ ഒരു ഭാഗം. ജോയിന്റ് സ്റ്റോക്ക് കമ്പനി, മോഡൽ സ്വതന്ത്രമായ കോർപ്പറേഷൻ എന്നിങ്ങനെ ഈ മൂന്നു രൂപവും ഇൻഡ്യയിൽ ഇന്നു് നടപ്പിലുണ്ട്. പൊതുവ്യവസായങ്ങളുടെ കാര്യത്തിൽ പൊതുജനങ്ങളെ കണക്കു ബോധിപ്പിക്കേണ്ട ചുമതല മാനേജ്മെന്റിനുണ്ട്. അതേ സമയംതന്നെ മാനേജ്മെന്റിനു വേണ്ടത്ര സ്വാതന്ത്ര്യവും പ്രോത്സാഹനവും നൽകിയിരിക്കയും വേണം.

Abraham C. Koshy:



*By*
K. BALACHANDRAN
*Cl. I Chemistry.*

"കൊണ്ടൽവേണിയവൾ രണ്ടുനാലടി നടന്നതില്ലതിനു മുമ്പുതാൻ
കൊണ്ടു ദർഭമുന കാലിലെന്നു വെറുതേ നടിച്ചു നിലകൊണ്ടിതേ."

# സാഡിസം – മലയാളത്തിൽ

കെ. എസ്സ്. വിശ്വംഭരദാസ് ദേശം.

(ലൈംഗിക വികാരങ്ങളിലൂടെ പ്രാകൃതവും നികൃഷ്ടവുമായ പ്രവർത്തനങ്ങളിലേക്ക് മനുഷ്യമനസ്സിനെ വലിച്ചിഴയ്ക്കുന്ന ആ വികട സ്വഭാവത്തെക്കുറിച്ച് ഒരു ബാഹ്യാവലോകനം.)

മനുഷ്യമനസ്സിനെ അന്ത്യമായി അപഗ്രഥിച്ച് സൂക്ഷ്മപരിശോധനക്ക് വിധേയമാക്കുകയാണെങ്കിൽ സാഡിസം, മസോക്കിസം, പിഗ്മാലിയാനിസം എന്നീ മൂന്നു വിധത്തിലുള്ള സ്വഭാവ വൈകൃതങ്ങളുടെ ശകലങ്ങൾ ഏറിയും കുറഞ്ഞും കാണാവുന്നതായി മനഃശാസ്ത്രപണ്ഡിതന്മാർ തെളിയിച്ചിട്ടുണ്ട്. സ്ത്രൈണബീജങ്ങളും പുംബീജങ്ങളും ഏറിയും കുറഞ്ഞും എല്ലാ വ്യക്തികളിലും അടങ്ങിയിട്ടുള്ളതുപോലെ, എല്ലാ വ്യക്തികളുടേയും ചിന്താമണ്ഡലത്തിൽ ഈ മൂന്ന് വികൃത സ്വഭാവങ്ങളും അല്പമായിട്ടെങ്കിലും കലർന്നിട്ടുണ്ട്. എന്നാൽ അപൂർവ്വം ചില പരിതഃസ്ഥിതികളിൽ മാത്രം ചുരുക്കം ചിലരിൽ ഇവയിലേതെങ്കിലും ഒന്ന് അനിയന്ത്രിതമായി വളർന്നു വരികയും പിന്നീടു ക്രിയാത്മകമായിത്തീരുകയും ചെയ്യുമ്പോൾ മറ്റുള്ളവരുടെ ശ്രദ്ധയിൽപെടുന്നു.

സ്വയം വേദനയനുഭവിക്കുന്നതിൽ അവാച്യമായ ആനന്ദവും സംതൃപ്തിയും കണ്ടെത്തുന്ന പ്രകൃതത്തിനാണ് 'മസോക്കിസം' എന്നു പറയുന്നത്. സ്വന്തം യാതനകളിൽനിന്നും അന്യൂനമായ ഹൃദയ സംതൃപ്തി ലഭിക്കുന്നവരാണ് മസോക്കിസത്തിന് വിധേയരായിട്ടുള്ളവർ. പ്രായോഗിക രംഗത്ത് സാഡിസത്തിന് നേരേ വിരുദ്ധമായിട്ടുള്ളതാണ് മസോക്കിസം. ആത്മഹത്യകൾ സാധാരണ സംഭവിക്കുന്നത് കാല്പനിക പ്രസ്ഥാനത്തിൽ അന്തർലീനമായിരിക്കുന്ന മസോക്കിസം നിമിത്തമാണ്. മറ്റുള്ളവരെ ഉപദ്രവിക്കാതിരിക്കുന്നതിനുവേണ്ടിയോ, ഒരു വിധത്തിൽ അവരെ സഹായിക്കുന്നതിനുവേണ്ടിയോ സ്വയം മർദ്ദനത്തിനും യാതനകൾക്കും വിധേയമാകുന്ന ഒരുതരം 'തൊട്ടാവാടി' സ്വഭാവമാണ് മസോക്കിസത്തിന്റെ മൗലികരൂപം. കാമുകന്മാരുടെ പൗരുഷ സാഹസങ്ങൾ അസുഖകരമായിത്തീരുമ്പോഴും അവ സ്വന്തം ജീവിതത്തെയും ജീവനേയും സ്പർശിക്കുമ്പോഴും അവരെ ആരാധിക്കുകയും പൂർവ്വാധികം ഉൾക്കനത്തോടെ സ്നേഹിക്കുകയും ചെയ്യുന്ന സുശീലകളായ ക്ഷമാശാലിനികൾ ഉണ്ട്.

സ്ത്രീരൂപത്തിലുള്ള കലാസൃഷ്ടികളിൽ അന്ധമായ ലൈംഗികാവേശം കൊള്ളുന്ന ഒരുതരം വികടഭാവമാണ് പിഗ്മാലിയാനിസം. കലാസൃഷ്ടികളും ലൈംഗികാസക്തിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നുള്ളത് ഇതിൽനിന്നും വ്യക്തമാണ്. കാമുകീകാമുകന്മാർ, കലാവിഗ്രഹങ്ങളിൽ തങ്ങൾ ഇച്ഛിക്കുന്ന പ്രതിരൂപങ്ങൾ ദർശിച്ച് പ്രേമപ്രകാശനം നടത്തുക സാധാരണമാണ്. ഒന്നുകൂടി അപഗ്രഥിച്ചു നോക്കിയാൽ, മാനസിക ഘടനയിലുള്ള പിഗ്മാലിയാനിസം എന്ന അംശമാണ് യഥാർത്ഥമായ കലാബോധത്തിന്റെയും തജ്ജന്യമായ കലാസൃഷ്ടികളുടേയും മൗലികമായ അടിസ്ഥാനമെന്ന് കാണാവുന്നതാണ്. വിശ്വപ്രസിദ്ധരായ സാഹിത്യകാരന്മാരെല്ലാംതന്നെ, സഭ്യതയുടെ സീമയെപ്പോലും അതിലംഘിച്ച് ലൈംഗികാസ്വാദനം നടത്തിയിട്ടുണ്ടെന്നുള്ളതും ഇതിൽ നിന്നുണ്ടായ ആനന്ദാനുഭൂതിയാണ് അവരുടെ സാഹിത്യ കൃതികൾക്ക് ഏറിയ കൂറും പ്രചോദനം നല്കി ജീവൻ കൊടുത്തതെന്നുള്ളതും കാണാവുന്നതാണ്. ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുക അസംഗതമാകാനിടയുണ്ട്.

ദ്രോഹപ്രവൃത്തിയിൽനിന്നും സംജാതമാകുന്ന പ്രാകൃതമായ മനഃസംതൃപ്തിയാണ് സാഡിസം (Sadism) എന്ന പേരിലറിയുന്ന സ്വഭാവ വിശേഷം. രക്തം ചൊരിയുന്നതിൽ അന്യൂനമായ ആനന്ദമനുഭവിക്കുന്നതിന് ജന്മനാ വാസനയും താല്പര്യവുമുള്ളവർ

ധാരാളമുണ്ട്. മററുള്ളവരുടെ കഷ്ടാനുഭവങ്ങളിൽനിന്നും രൂപം കൊള്ളുന്ന മാനസികമോ ശാരീരികമോ ആയ ലൈംഗികാസ്വാദനമാണ് സാഡിസം' (Sadism is a sexual enjoyment of another's sufferings, whether the suffering be mental or physical) എന്നാണ് മനഃശാസ്ത്രജ്ഞന്മാർ ഇതിനെ മനസ്സിലാക്കിയിട്ടുള്ളത്. ലൈംഗിക വൈകൃതങ്ങളും, അനിയന്ത്രിതമായ കാമാതിരേകത്തിൽ നിന്നുത്ഭവിക്കുന്ന നിർദ്ദയതയുംകൂടി സമ്മേളിച്ച ഒരു പൈശാചിക സ്വഭാവമാണിത്. 'മനുഷ്യഹൃദയത്തിന് കാട്ടുപന്നികളുടെ വിശപ്പാണുള്ളത്' (The heart of man has the appetite of swine) എന്ന് മാന്വൽ കോംറോഫ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പൈശാചികമായ ഒരു രസാനുഭവത്തിന് പ്രേരണ നല്കുന്ന നിസർഗ്ഗസിദ്ധമായ താല്പര്യം സാഡിസത്തിന്റെ സന്താനമാണ്. ഒന്നുകൂടി, ആധികാരികമായി അപഗ്രഥിച്ചുനോക്കുകയാണെങ്കിൽ എല്ലാ ക്രൂരപ്രവൃത്തികളുടേയും മൗലികമായ കാരണം മാനസികമണ്ഡലത്തിൽ പ്രകൃത്യാ ലയിച്ചുചേർന്നിട്ടുള്ള ഈ മൃഗീയസ്വഭാവത്തിന്റെ നഗ്നമായ പ്രതികരണമാണെന്ന് മനസ്സിലാകും.

ഒരാൾ അപ്പനോ, ആദരാർഹനോ ആരുമാകട്ടെ, ഉരുണ്ടുവീഴുന്നതു കണ്ടാൽ സ്വാഭാവികമായി നാമെല്ലാം ചിരിച്ചുപോകും. അന്യരെ ഉപദ്രവിക്കുന്നതിൽ നിന്നോ, അന്യർ ഉപദ്രവിക്കപ്പെടുന്നതിൽ നിന്നോ, ആണ് മനുഷ്യന് ആനന്ദമുണ്ടാകുന്നതെന്ന് ല്യൂക്രീഷ്യസ് രേഖപ്പെടുത്തിയിട്ടുണ്ട്. മഹത്തായ റോമാനഗരം മുഴുവൻ പ്രചണ്ഡമായി കത്തിയെരിഞ്ഞുകൊണ്ടിരുന്നപ്പോൾ നീറോ രാജാവ് തന്റെ മേടയിലിരുന്ന് വീണാഗാനലീനനാകുകയായിരുന്നെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

സാഹിത്യത്തിൽ, യഥാതഥ പ്രസ്ഥാനത്തിന്റെ (Realism) പ്രധാന ലക്ഷണങ്ങളിലൊന്നാണ് സാഡിസം. സാമുദായിക നിലവാരം ഇന്നധഃപതിച്ചു പോയിരിക്കുന്നു എന്നും ഈ അധഃപതനം എല്ലാ വ്യക്തികളിലും അതിന്റേതായ പ്രതികരണമേല്പിക്കുന്നു എന്നും ഈ നിലപാടിനെ പുനരുജ്ജീവിപ്പിച്ച് പരിവർത്തനോന്മുഖവും സംസ്കാരികവുമാക്കിത്തീർക്കണമെന്നുമാണ് 'യഥാതഥ' പ്രസ്ഥാനത്തിന്റെ മൗലികാദർശങ്ങൾ. എന്നാൽ പ്രായോഗിക രംഗത്ത് 'റിയലിസം' ദയനീയമായി പരാജയപ്പെട്ടിട്ടുണ്ടെന്നുള്ളതാണ് പ്രകടമായിക്കാണുന്ന വിരോധാഭാസം. മനുഷ്യജീവിതത്തിന്റെ യാതനകളേയും ദുരിതാനുഭവങ്ങളേയും ഊതിവീർപ്പിച്ച്, ജനങ്ങളുടെ ചിന്താമണ്ഡലത്തിൽ നൈരാശ്യവും അശുഭാപ്തിവിശ്വാസവും എല്ലാററിനുമുപരി ദോഷൈകദർശിത്വവും ഉളവാക്കുന്നതിനു കൂടിയുള്ളതാണീ പ്രസ്ഥാനം. കൊലപാതകം, ആത്മഹത്യ, പ്രേമനൈരാശ്യം എന്നിവയെല്ലാം ഈ പ്രസ്ഥാനത്തിലെ കൃതികൾക്ക് സാധാരണ വിഷയമായിത്തീരുന്നു.

'റിയലിസ'ത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് സാഡിസമെന്ന് പറഞ്ഞല്ലോ. മനുഷ്യഹൃദയത്തിൽ അന്തർലീനമായിരിക്കുന്ന കാടത്തത്തിന്റെയും മൃഗീയതയുടേയും അനിയന്ത്രിതവും ആലോചനാരഹിതവുമായ ബഹിർഗ്ഗമനവുമാണ്. മറെറാരു വിധത്തിൽ പറഞ്ഞാൽ സാഡിസത്തിന്റെ ബാഹ്യരൂപം. താൻ യഥാർത്ഥത്തിൽ ഗാഢമായി സ്നേഹിക്കുന്ന അന്യനെ വേദനപ്പെടുത്തി സ്വയം സംതൃപ്തിയടയുവാനുള്ള പ്രാകൃതികമായ താല്പര്യാതിരേകമാണിത്.

ഇനി, സാഹിത്യത്തിൽ സാഡിസം എത്രമാത്രം പ്രേരണ ചെലുത്തിയിട്ടുണ്ടെന്നു ഒന്നു ആരാഞ്ഞുനോക്കാം. ഈ സ്വഭാവവൈകൃതത്തിന്റെ നിഷ്ഠുരതയെ പരാമർശിച്ച് ആംഗലസാഹിത്യത്തിൽ റോബർട്ട് ബ്രൗണിംഗ്, 'പോർഫീറിയായുടെ കാമുകൻ' (Porphyria's Lover) എന്നൊരു മനോഹര കവിത രചിച്ചിട്ടുണ്ട്. അതിലെ കഥയിതാണ്: കാറ്റും കോളും നിറഞ്ഞ പ്രചണ്ഡമായ രാത്രി. അസ്വസ്ഥമായ അന്തരീക്ഷം. പ്രകൃതിയിൽ അജ്ഞാതമായ ഒരു ശോകമയം തങ്ങിനില്പുണ്ട്. പെട്ടെന്നു കാമുകസവിധത്തിലേക്ക് മോഹനാംഗിയായ പോർഫീറിയാ അനുയോജ്യമായ വേഷഭൂഷണാദികളോടെ കടന്നുവരുന്നു. അവളു

ടെ സമാഗമം മുറിയിലെ അന്തരീക്ഷത്തിനും തണുത്തുറഞ്ഞ കാമുകഹൃദയത്തിനും ചൂടു നൽകുന്നു. അവൾ തങ്ങളുടെ ആചാരപ്രകാരം തന്റെ നിസ്സീമവും ശുദ്ധവുമായ സ്നേഹപ്രകടനത്തിനുവേണ്ടി കാമുകന്റെ കഴുത്ത് തന്റെ നിതംബത്തോടും കവിൾ തന്റെ ചുമലിനോടും അണയ്ക്കുന്നു.

പോർഫിറിയായുടെ അലൗകികമായ ആരാധനയിൽ അയാൾക്ക് തന്റെ ഹൃദയത്തിന്റെ നില വിട്ടുപോകുന്നു. അയാൾക്കു തോന്നിയതിതാണ്: ഉത്കൃഷ്ടയായ ഇവളുടെ പാവനതയും സൗന്ദര്യവും അയാളുടേതു തന്നെ ആക്കിത്തീർക്കണം. അനശ്വരവും അനാഘ്രാതവുമാക്കിത്തീർക്കണം. ("Her beauty and purity can be preserved by murdering her"- R. B.) അയാൾ അതു തന്നെ ചെയ്യുവാനുറച്ചു. തിളങ്ങിക്കിടക്കുന്ന പൂഞ്ചായൽ പിരിച്ച് ആ കൊച്ചുഗളത്തിൽ ചുറ്റി വരിഞ്ഞുമുറുക്കിയവൻ!! അവൾക്കു വേദനിക്കുന്നുണ്ടോ എന്നയാൾ സൂക്ഷിക്കാതിരുന്നില്ല!! അവൾ മരിച്ചുകഴിഞ്ഞിരുന്നെങ്കിലും മുഖത്തു കഴിഞ്ഞുപോയ സുഖാനുഭവങ്ങളുടെ പ്രതിഫലനമായി ഒരു പുഞ്ചിരി തങ്ങിനിന്നു. അതു കണ്ടിട്ട് അയാൾ അത്ഭുതമായ ആത്മസംതൃപ്തിയോടെ മൊഴിയുകയാണ്: "അതേക്കുറിച്ച് ഈശ്വരൻ ഇതുവരെ ഒന്നും തന്നെ പറഞ്ഞിട്ടില്ല!" ('Yet God has not said a word' R. B.)

ഈ കവിതയുടെ 'ദീർഘലവും ദുർബലവു'മായ ഒരനുകരണമായി ശ്രീ ചങ്ങമ്പുഴ കൃഷ്ണപിള്ള 1936-ൽ 'മോഹിനി' എന്നൊരു കവിത പ്രസിദ്ധീകരിച്ചു. 'മോഹിനി'യിലെ നായകനായ സോമനും, ബ്രൗണിംഗിന്റെ പോർഫിറിയായുടെ കാമുകന്റേതുപോലെ മേഘജ്യോതിസ്സിന്റെ ക്ഷണികജീവിതം തികച്ചും അഭികാമ്യമായിരുന്നു. തന്റെ പ്രേമസ്വപ്നത്തിന്റെ അലൗകികമായ സാത്വിക സൗന്ദര്യം തന്റേതു മാത്രമാക്കി—അനശ്വരമാക്കിത്തീർക്കുവാൻ 'ധീരമാനസനും പ്രേമചിന്താപരവശ'നുമായ സോമശേഖരൻ തീരുമാനിക്കുന്നു. നായികയായ മോഹിനി, അന്തരീക്ഷം മുഴുവൻ അസുലഭമായ ദിവ്യസൗരഭ്യം വിതറിക്കൊണ്ട്, കളങ്കോൽഗമമില്ലാത്ത ദിവ്യരാഗത്തിന്റെ നിശ്ചലദീപികയെപ്പോലെ മന്ദം മന്ദം നീങ്ങുകയാണ്. കവിതാവനങ്ങളെപോലും വർണ്ണനാതീതയായവൾ നീങ്ങുമ്പോൾ കവി പറയുന്നു:

"ലഭ്യമല്ലല്ലോ തപസ്സിനു
മീതെയൊരു ചൈതന്യം."

മോഹിനി, പ്രേമസാന്ദ്രതയോടെ മാദകചുംബനം മാറിമാറിപ്പൊഴിച്ചപ്പോൾ സോമന്റെ ഹൃദയത്തിന്റെ ക്രമീകരണം തെറ്റുന്നു. അയാളുടെ ഹൃദയത്തിൽ ഒരു മർമ്മരധ്വനി ക്രമാനുഗതമായി ആലപിക്കപ്പെടുന്നു.

"അത്യനഘമാമീ മുഗ്ദ്ധത്തി-
ലൃതമേ നീ മാറുന്നോ:
മാമകാശയം ക്രൂരമാണെങ്കി-
ലോമനേ, നീ പൊറുക്കണേ!"

മാത്രമല്ല, സോമന്റെ അതിരു കവിഞ്ഞ അകർമ്മണ്യത കണ്ടിട്ട്,

"തന്നിടാമല്ലോ വേണമെങ്കിൽ ഭവാ-
നിന്നു മൽ പ്രാണനെപ്പോലും ഞാൻ!"

എന്നുപോലും അവൾ പറയുന്നുണ്ട്. അതുകൊണ്ട് അയാൾക്കിനി താമസിക്കേണ്ട ആവശ്യമില്ല; കണ്ണിമനായെച്ചാൽ മാത്രം മതി. പൈശാചികമായ ഒരസുരതാണ്ഡവത്തിന് അയാൾ ഒരുങ്ങുകയാണ്.

താഴ്ത്തിടുന്നു കഠാരമോമലിൻ
മാറിടത്തിലാ രാക്ഷസൻ"

.........................................................

വേഗമെത്തൂ യവനികയിട്ടാ
വേദനാരംഗം മൂടണേ"—കവി വിലപിക്കുകയാണ്.

അങ്ങനെ മോഹിനിയുടെ അഭൗമ സൗന്ദര്യം മുഴുവൻ തന്റേതു മാത്രമാക്കിത്തീർത്തുകൊണ്ടയാൾ, അവളെ മിഥ്യയായ ലൗകികമണ്ഡലത്തിൽനിന്നും അനന്തമായ നിത്യതയിലേക്കു പറഞ്ഞയച്ച്, അവളുടെ മഹിമ ശുദ്ധതരമാക്കിത്തീർക്കുന്നു.

ഇതാണ് 'മോഹിനികാവ്യ'ത്തിന്റെ ഇതിവൃത്തം. കാലത്തിന്റെ അഗാധഹൃദയത്തിലാണ്ടുപോകുന്ന ഭൗതിക സൗന്ദര്യം ആ

സമയമുള്ളതന്നെ നശിപ്പിച്ചാൽ നിത്യ സുന്ദരവും അസ്പൃശ്യവുമായി നിന്നുകൊള്ളുമെന്ന അതിരു കവിഞ്ഞ ഒരുതരം അന്ധമായ സ്വാത്മചിന്തയാണിതിൽ വ്യക്തമായിക്കാണുന്നത്.

ചങ്ങമ്പുഴയെപ്പോലെ ജനപ്രീതി നേടിയ ഒരു മഹാകവിയെക്കുറിച്ചും 'മോഹിനി'യെപ്പോലെ ഗാനാത്മകവും ഹൃദയഹാരിയുമായ ഒരു കാവ്യത്തെക്കുറിച്ചും പറയുന്ന ഏതഭിപ്രായങ്ങളും എതിരഭിപ്രായങ്ങളെ വിളിച്ചു വരുത്തുന്നതിനുപയുക്തങ്ങളാകയാൽ അത്തരം എല്ലാ അഭിപ്രായങ്ങളെയും വിനീതമായി സ്വാഗതം ചെയ്തുകൊണ്ട്, ഇതിന്റെ ആന്തരികസത്തയെക്കുറിച്ച് അല്പം വിമർശനാത്മക ബുദ്ധിയോടെ പരിചിന്തനം ചെയ്യുന്നതിന് എല്ലാ സഹൃദയരേയും ക്ഷണിച്ചുകൊള്ളുന്നു.

പ്രസിദ്ധ സാഹിത്യ നിരൂപകനായിരുന്ന ശ്രീ എം. ആർ. നായർ 'മോഹിനി' ബ്രൗണിംഗിന്റെ 'Porphyria's lover' എന്ന കവിതയുടെ 'ദീർഘവും ദുർബ്ബല'വുമായ ഒരു അനുകരണമാണെന്നു സൂചിപ്പിക്കുകയും അതിനു 'മോഹിതൻ' എന്ന പേരിൽ ഒരു ഹാസ്യകവനം (Parody) രചിക്കുകയും ചെയ്തിട്ടുണ്ട്. 'മോഹിതനി' ലെ നായകനായ കോമൻ—സോമനെപ്പോലെ തന്നെ-തന്റെ ആഗ്രഹസാദ്ധ്യത്തിനുവേണ്ടി കാമുകിയെ കൊല്ലാനടുക്കുമ്പോൾ, അവളുടെ മറുപടി 'ഇപ്പരിപ്പിവിടെ വേവുകയില്ലാ'യെന്നാണ്. അടുത്ത പടിയായി ബലാല്ക്കാരത്തിനു ശ്രമിക്കുമ്പോൾ,

> ഒട്ടത്തവൾ ചുമലൊന്നോങ്ങിനാൾ
> പെട്ടെന്നു കോമൻ പിന്നോക്കം
> പേടി പൂണ്ടൊറ്റം ചാടിനാൻ പടി
> ഹാ, തടഞ്ഞയ്യോ കഷ്ടമേ! ... .....
> ('കോവണിപ്പുറക്കേറിയതെന്നു
> കോമനന്നത്രേ ജ്ഞാതമായ്'! ")

അങ്ങിനെ 'കോമൻ' ഒരു പാഠം പഠിക്കുന്നു.

ശ്രീ എം. ആർ. നായരുടെ അഭിപ്രായത്തെ പിൻതാങ്ങിക്കൊണ്ടു, ശ്രീ കുട്ടികൃഷ്ണമാരാർ പറയുന്നു. "സാഡിസം കണ്ടുപിടിച്ച ശാസ്ത്രജ്ഞനുപോലും അതിനെ വിഷയമാക്കി ലോകത്തിനു വല്ല ഉപദേശവും കൊടുക്കുവാനുണ്ടെങ്കിൽ അതു 'സൂക്ഷിച്ചോളിൻ' എന്നായിരിക്കുമല്ലോ!" എന്നാൽ ശ്രീ മാരാരുടെ വാദഗതിയിൽ അല്പം വ്യക്തിവിദ്വേഷത്തിനു സ്ഥാനമുണ്ടെന്നുള്ളതു ഖേദപൂർവ്വം രേഖപ്പെടുത്താതിരിക്കുവാൻ നിവൃത്തിയില്ല. എങ്കിലും അദ്ദേഹത്തിന്റെ വാദമുഖങ്ങൾക്ക് യുക്തിയുടെ ഉറച്ച പിൻബലമുണ്ടെന്നുള്ളതു തീർച്ചയാണ്.

ശ്രീ വക്കം അബ്ദുൽഖാദർ ചങ്ങമ്പുഴയെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട് "........അദ്ദേഹം ചൂടില്ലാത്ത പ്രകാശമാണ്. അദ്ദേഹത്തിന്റെ ഖഡ്ഗം ഖഡ്ഗമല്ലാ: മധുവും മണവും നിറഞ്ഞ പുഷ്പമാണ്......" എന്നെല്ലാം. ചങ്ങമ്പുഴക്കവിതയെക്കുറിച്ച് ഇത്തരമൊരഭിപ്രായം, ഉപരിപ്ലവമായിട്ടാണെങ്കിലും രേഖപ്പെടുത്തുവാൻ ശ്രീ ഖാദറിനു പ്രചോദനം കിട്ടിയതു് എങ്ങനെയാണെന്ന് ഈ ലേഖകന് നിശ്ചയമില്ല.

'പാടുന്ന പിശാച്' എന്ന കൃതിയുടെ ആദ്യപുറങ്ങളിലൊന്നിൽ ചങ്ങമ്പുഴ തന്നെ ഇങ്ങനെ കുറിച്ചിട്ടുണ്ട്. "Call me not a poet, since it is Seeds of Sin I sow!" (നിങ്ങളെന്നെ കവിയെന്നു വിളിക്കാതിരിക്കു: എന്തുകൊണ്ടെന്നാൽ പാപത്തിന്റെ വിത്തുകളാണ് ഞാൻ വിതക്കുന്നതു്.)

ചങ്ങമ്പുഴയുടെ നൈസർഗ്ഗിക പ്രതിഭ ഉണർത്തിവിട്ട മുരളീതരംഗങ്ങൾ ഒരു തലമുറയുടെ മുഴുവൻ മോഹങ്ങൾക്കും മോഹഭംഗങ്ങൾക്കും അനുകൂലമായ രൂപഭാവങ്ങൾ നല്കിയെങ്കിലും അദ്ദേഹത്തെ നാം കവിയെന്നു വിളിക്കാതിരിക്കുകയായിരിക്കും യുക്തമെന്നു തോന്നുന്നു. കാരണം, അദ്ദേഹം വിതച്ചിട്ടുള്ളതിൽ അധികവും കരാളമായ വിഷത്തിന്റേയും പാപത്തിന്റേയും വിത്തുകളാണെന്നുള്ളതാണ് യാഥാർത്ഥ്യം.

പ്രസിദ്ധ ഫ്രഞ്ചു ചിന്തകനായ റോമെയിൻ റോളണ്ട് ഇപ്രകാരം പറഞ്ഞിട്ടുണ്ട്. "Art was my life and joy and I derived from it my best strength to fight against evil" (കലയായിരുന്നു എന്റെ ജീവനും ആനന്ദവും; അതിൽ നിന്നായിരുന്നു തിന്മയോടു പൊരുതുവാനുള്ള എ

# വിട ചോദിക്കുന്നു

(ജഗൻ ചെറിയനാട്ട്, പൂർവ്വവിദ്യാർത്ഥി)

വിട ഞാൻ ചോദിക്കുന്നു
  മാമക ഹൃദയത്തേ
വിടർത്തിവിമോഹന
  മാക്കിയ വിദ്യാനിധേ!

വിജ്ഞാനപ്രഭാവത്തി–
  ന്നാവാസം നിന്നിൽനിന്നു
നിർഗ്ഗളിക്കുന്നു നിത്യം
  നിസ്തുലജ്യോതിസ്സുകൾ

ഒന്നര സംവത്സരം
  നിന്നുടെ ഗൃഹാങ്കത്തി–
ലുന്നതാനന്ദം കണ്ട
  ബി. എസ്സ്. സി. വിദ്യാർത്ഥി ഞാൻ

നിന്നുടെ ചാക്കോ ഹോസ്റ്റ-
  ലെന്നെന്നും സ്നേഹത്തിന്റെ
പൊന്നോമപ്പൊന്നമ്പല
  മാണെന്റെ സ്മരണയിൽ

നിന്റെ പേർ നിലനില്ലു
  മെന്നെന്നും വിജ്ഞാനത്തിൻ
ബന്ധുരമണിമയ
  ഹർമ്മ്യമായവനിയിൽ

---

റാവും നല്ല ശക്തി എനിക്കു ലഭിച്ചത്.) ജീവിതശുദ്ധീകരണത്തിൽ കലയ്ക്കും സാഹിത്യത്തിനുമുള്ള ബലവത്തായ സ്ഥാനത്തെക്കുറിച്ച്. ആധികാരികമായ അഭിപ്രായമാണിത്. ഈ രംഗത്തു, ചങ്ങമ്പുഴക്കവിത മൗലികമായി പരാജയപ്പെട്ടിട്ടുണ്ടെന്നുള്ളതാണു വ്യക്തമായിക്കാണുന്ന വിരോധാഭാസം.

"പ്രസാദിപ്പിക്കുക; പ്രചോദിപ്പിക്കുക; പ്രബോധിപ്പിക്കുക" (To please, to move and to teach) എന്നിവയായിരിക്കണം സാഹിത്യത്തിന്റെ പ്രതിജ്ഞാതമായ മൂന്നു ലക്ഷ്യങ്ങൾ എന്നു് ഒരു ലത്തീൻ പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ത്രിവിധ ലക്ഷ്യപ്രാപ്തിയിൽ 'മോഹിനി' കാവ്യം എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നുള്ളതു ഗാഢമായി വിചിന്തനം ചെയ്യേണ്ട ഒന്നാണ്. മാത്രമല്ലാ, "സത്യത്തേയും സൗന്ദര്യത്തേയും പ്രകാശിപ്പിക്കുന്നതിനുള്ള വികാരത്തിന്റെ ബഹിസ്പുരണമാണു കവിത" യെങ്കിൽ 'സാഡിസ'ത്തിൽ മുങ്ങിയെട്ടത്തിരിക്കുന്ന 'മോഹിനി' ഒരു കവിതയേയല്ല എന്നുവരെ തീർത്തു പറയുവാൻ നമുക്കു സാധിച്ചേക്കും. ഇങ്ങനെ നോക്കുമ്പോൾ, ഈ പ്രസ്ഥാനത്തിന്റെ ഘടകങ്ങൾ ശൂന്യത, അസംതൃപ്തത, സന്ദിഗ്ദ്ധത എന്നിവയാണെന്നു കാണാം. എങ്കിലും,

അല്ലെങ്കിലെന്താണീയാനന്ദമായുള്ളെ-
ല്ലേലിൻ മറാത്ത ശ്രൂപാഭം"—എന്ന

ദാർശനിക തത്വം വരെ എത്താൻ കഴിഞ്ഞ ചങ്ങമ്പുഴയ്ക്കു ഇതിനെക്കുറിച്ചെന്തെങ്കിലും പറയുവാനുണ്ടായിരുന്നിരിക്കാം.

# ലോകഗവർമ്മെൻറ അപകടകരമായ ഒരു വ്യാമോഹം

(കെ. ജോർജ്ജ് മത്തായി Class II Eco:)

ഒരു ലോകം, ഒരു ഗവമ്മെൻറ് എന്ന ആദർശത്തിനുവേണ്ടിയുള്ള ആഹ്വാനം തുടങ്ങിയിട്ടു പല നാളായി. സമാധാന സംരക്ഷണത്തിനു ലോകഗവമ്മെൻറുണ്ടാക്കുകയെന്നതല്ലാതെ മററു പോംവഴികളൊന്നുമില്ലെന്നു വളരെയധികം പേർ വാദിക്കുന്നുണ്ട്. ഇവരിൽ അഗ്രഗണ്യനാണ് ബർട്രാൻഡ് റസ്സൽ.

എന്നാൽ ഒരു ലോകഗവമ്മെൻറ് അപ്രായോഗികവും അപകടകരവും ആണെന്ന് വ്യക്തമാക്കാൻ സാധിക്കും. ബർട്രാൻഡ് റസ്സൽ തന്നെ സമ്മതിച്ചിട്ടുണ്ട്, ഇന്നു ലോകഗവമ്മെൻറ് എന്ന ആശയം ഒരു യുട്ടോപ്പിയൻ ആശ മാത്രമാണെന്ന്. താൻ വിവരിക്കുന്ന രീതിയിൽ ഒരു ലോകഗവമ്മെൻറ് ഉണ്ടാകുമെന്നു പ്രവചിക്കാൻ താൻ ധൈര്യപ്പെടുന്നില്ലെന്നും അദ്ദേഹം പറയുന്നുണ്ട്.

ലോകഗവമ്മെൻറിൻെറ ഉദ്ദേശം സമാധാനം സൃഷ്ടിക്കുകയാണ് എന്നു വാദിക്കാൻ ഏതായാലും തരമില്ല. കാരണം ഒരു ലോകഗവമ്മെൻറുണ്ടാകണമെങ്കിൽ സമാധാനം ആദ്യമായി ഉണ്ടാകണം. എന്നാൽ സമാധാനം നിലനിറുത്തുകയാണ് അതിൻെറ ലക്ഷ്യമെന്നു പറയാവുന്നതാണ്. എന്നാൽ അതിനു ഒരു ലോകഗവമ്മെൻറിനു കഴിവുണ്ടോ ? അതിനെക്കുറിച്ചു പിന്നീടു പറയാം.

സമാധാനമുണ്ടായിട്ടു വേണ്ടേ സമാധാനം നിലനിറുത്താൻ ? സമാധാനം എങ്ങനെ ഉണ്ടാകുമെന്നതാണു പ്രശ്നം. അന്താരാഷ്ട്രീയ സ്ഥിതിഗതികൾ അനുദിനം വഷളാകുന്നതേയുള്ളു. രാജ്യങ്ങളുടെയിടയിൽ പരസ്പരം വിദ്വേഷം കൂടിക്കൂടി വരികയാണ്. വർഗ്ഗീയതയുടെ പേരിൽ ചില രാജ്യങ്ങൾ വിദ്വേഷം വച്ചു പുലർത്തുന്നു. സ്വാർത്ഥലാഭത്തിനുവേണ്ടി എന്തും ചെയ്യാൻ സംസ്കാരകേന്ദ്രങ്ങളെന്നവകാശപ്പെടുന്ന രാജ്യങ്ങൾപോലും മടിക്കുന്നില്ല. പഴയ കൊളോണിയൽ നയങ്ങൾ, അവ തെററാണെന്ന് അറിയാമെങ്കിൽ കൂടി, തുടരുന്നതിൽ ചിലർക്ക് യാതൊരു ലജ്ജയുമില്ല. യുദ്ധം മാത്രമാണ് തങ്ങളുടെ ആദർശം പ്രചരിപ്പിക്കുവാൻ പാററിയ മാർഗ്ഗമെന്നും, ഒരു യുദ്ധത്തിലേർപ്പെട്ടാൽ തങ്ങൾക്കു വലിയ നഷ്ടമുണ്ടാകുവാൻ പോകുന്നില്ലെന്നും വിശ്വസിച്ച് എന്താക്രമണത്തിനും തയ്യാറായിട്ടുള്ള രാജ്യമുണ്ട്. ആദർശമാണെന്നു പറഞ്ഞ് അന്ധമായ ഏക പാർട്ടി ഭരണം പ്രചരിപ്പിക്കുവാനുള്ള ശ്രമം ഒരു ഭാഗത്ത്, എന്തു വിലകൊടുത്തും അതിനെ എതിർക്കാനും വ്യക്തിസ്വാതന്ത്ര്യത്തിൻെറയും ജനാധിപത്യത്തിൻെറയും പേരിൽ മുതലാളിത്തം നിലനിറുത്താനുമുള്ള സന്നാഹങ്ങൾ മറുഭാഗത്ത്. സമാധാനം അടുത്ത കാലത്തെങ്ങും ഉണ്ടാകുന്നതിൻെറ ലാഞ്ഛനപോലുമില്ല.

ലോകഗവമ്മെൻറുണ്ടാകുന്നതിനു വിഘാതമായി നില്ക്കുന്ന മറെറാരു സംഗതി പരസ്പരസംശയമാണ്. ഇപ്പോൾത്തന്നെ ഉടമ്പടികൾ ഉണ്ടാക്കിക്കഴിഞ്ഞാൽ രാജ്യങ്ങൾ അന്യോന്യം സംശയദൃഷ്ട്യാ വീക്ഷിക്കുന്നു. ഇങ്ങനെയുള്ള സംശയങ്ങൾ എങ്ങനെ നീങ്ങാനാണ് ? പിന്നെ, വെറുതെ പറയാം പരസ്പര സംശയങ്ങൾ നീങ്ങണം നീങ്ങണമെന്ന്.

സംശയങ്ങളും ഭയങ്ങളും നീക്കാൻ നിരായുധീകരണംമൂലം സാദ്ധ്യമാണെന്നു വാദിക്കുന്നവരുണ്ട്. പക്ഷെ വാസ്തവം നേരെ തിരിച്ചാണ്. സംശയങ്ങളും വിദ്വേഷവും വർദ്ധിപ്പിക്കുകയേ അതു ചെയ്യുകയുള്ളു. നിരായുധീകരണത്തിൽ മററു രാജ്യങ്ങൾ വഞ്ചന കാണിക്കുന്നുണ്ടോ എന്ന് ഓരോരുത്തർക്കും സംശയമുണ്ടാകും. അതറിയാനായി ചാരപ്രവർത്തനം നടക്കും. ഫലമോ ? പരസ്പര വിദ്വേഷവും സംശയവും.

നിരായുധീകരണം ശരിക്കു നടക്കുന്നുണ്ടോ എന്നറിയാൻ ഒരു ലോക സമിതി പ്രവർത്തിക്കണമെന്നു നിർദ്ദേശിക്കുന്നവരുണ്ട്. എന്നാൽ ആ സമിതിയിലും സംശയം ജനിക്കും. കണ്ടില്ലേ, ഹാമർഷോൾഡ് അമേരിക്കൻ പക്ഷപാതിയായതും രാജേശ്വരദയാൽ കമ്യൂണിസ്റ്റുകാരനായതും!

ഇനിയും ലോകഗവൺമെന്റുണ്ടാക്കാൻ ലോകത്തിലെ രാജ്യങ്ങളുടെയെല്ലാം സമ്മതം കിട്ടുന്നതിനെപ്പററി ചിന്തിക്കാം. തങ്ങളുടെ സകല അധികാരങ്ങളും, ശക്തിയും ഒരു ലോകഗവൺമെന്റിൽ, അതു് എത്രതന്നെ വിശ്വസിക്കാവുന്നതാണെങ്കിലും, അടിയറവയ്ക്കാൻ ഒരു രാജ്യവും തയ്യാറാകുകയില്ല. ലോകഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ വിശ്വാസമൊട്ടുണ്ടാകാനും പോകുന്നില്ല. അതിന്റെ പ്രവർത്തനങ്ങൾ ഏതുവിധത്തിലാണു്. ഏതെങ്കിലും രാജ്യത്തിന്റെ സ്ഥാപിതതാല്പര്യങ്ങൾക്കുവേണ്ടി അതു പ്രവർത്തിക്കുകയില്ലേ എന്നൊക്കെയുള്ള സംശയങ്ങളുണ്ടാകാൻ സാദ്ധ്യതയുണ്ടു്. യു. എൻ. പ്രവർത്തനങ്ങളെപ്പററി ഇമ്മാതിരി സംശയങ്ങൾ ഉണ്ടല്ലോ. എന്നാൽ ഒരു ലോകഗവൺമെന്റിൽ ഉണ്ടാകുന്ന സംശയം യു. എൻ-ൽ ഉണ്ടാകുന്നതിലും വളരെ വലുതായിരിക്കും. കാരണം, ലോകഗവൺമെന്റിന്റെ അധികാരങ്ങൾ യു. എൻ. ന്റെ അധികാരങ്ങളെക്കാൾ വലുതാണെന്നതുതന്നെ.

പ്രമുഖ രാഷ്ട്രങ്ങളുടെ സമ്മതം കിട്ടാതിരിക്കാനുള്ള മറെറാരു കാരണം ഇനിയും ചർച്ച ചെയ്യാം. ഇന്നു് ആശയപരമായ വ്യത്യാസം രണ്ടു ചേരികളുണ്ടാക്കിയിട്ടുണ്ടു്. കമ്യൂണിസ്റ്റു് ചേരിയും കമ്യൂണിസ്റ്റു് വിരുദ്ധചേരിയും. ഒരു ലോകഗവൺമെന്റുണ്ടായിക്കഴിഞ്ഞും ചേരികളുണ്ടാകാം. അഭിപ്രായപ്രചാരണം നടത്താൻ ഓരോരുത്തരും ശ്രമിക്കും. അല്ലെങ്കിൽ മനുഷ്യരെല്ലാം അഭിപ്രായരഹിതരായിരിക്കണം!

ലോകഗവൺമെന്റുണ്ടാക്കണമെന്നു റസ്സൽ നിർദ്ദേശിക്കുന്നതുതന്നെ പല ചേരികളായിട്ടു് ഒന്നിച്ചു ചേരണമെന്നാണു്. (കമ്യൂണിസ്റ്റു് ലോകം, പടിഞ്ഞാറൻ സഖ്യഗോളം, കോമൺവെൽത്തു തുടങ്ങിയവ). ചേരിതിരിവു് സംഘട്ടനങ്ങൾക്കു വഴിതെളിക്കും. അതുകൊണ്ടു ലോകഗവൺമെന്റു് ആശയപ്രചാരണങ്ങളെ തടയേണ്ടതു് അത്യാവശ്യമാണു്. ആശയപ്രചാരണം എന്നു പറയുമ്പോൾ കമ്യൂണിസം, സോഷ്യലിസം, ക്യാപ്പിററലിസം മുതലായവയുടെ പ്രചാരണത്തെയാണു് ഞാൻ ഉദ്ദേശിക്കുന്നതു്. അങ്ങനെ ആശയപ്രചാരണം തടഞ്ഞാൽ അതു കമ്യൂണിസത്തിന്റെ പ്രചാരണം എന്നെന്നേക്കുമായി തടയുകയാണു്. ലോകം മുഴുവൻ കമ്യൂണിസം സ്ഥാപിക്കപ്പെടുമെന്നാണു് അതിന്റെ സ്ഥാപകർ പ്രവചിച്ചിരിക്കുന്നതു്. കമ്യൂണിസ്റ്റുകാർ പ്രവർത്തിക്കുന്നതും അതിനാണു്. പക്ഷേ ലോകഗവൺമെന്റിന്റെ ആശയപ്രചാരണം തടയൽ അതിനു വിഘാതമായി വരുന്നു. ഇതിനു് ഏതെങ്കിലും കമ്യൂണിസ്റ്റു് രാജ്യം സമ്മതിക്കുമോ?

കമ്യൂണിസ്റ്റു് വിരുദ്ധശക്തികളും സമ്മതിക്കയില്ല. കമ്യൂണിസം വ്യാപിച്ചിട്ടുള്ളിടത്തു നിന്നെല്ലാം അതു തുടച്ചു നീക്കുന്നതിനും ഇനിയും അതു പ്രചരിക്കാതിരിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന പടിഞ്ഞാറൻ ശക്തികൾ അവരുടെ പ്രവർത്തനം തുടരുന്നതിനു് ആഗ്രഹിക്കുന്നു. അതിനാൽ അവരും സമ്മതം നല്കുകയില്ല. കൊളോണിയൽ അധിപതികളും, ആക്രമണകാരികളും ഒരു ലോകഗവൺമെന്റുണ്ടാകുന്നതിനു് ഒരിക്കലും സമ്മതിക്കയില്ല.

ഇത്രയുംകൊണ്ടു് ഒരു ലോകഗവൺമെന്റുണ്ടാകുകയെന്നതു് അസാദ്ധ്യമാണെന്നു വ്യക്തമാകും.

ഒരു ലോകഗവൺമെന്റുണ്ടായിക്കഴിഞ്ഞാൽ സംഭവിക്കുന്നതെന്താണു്? സമാധാനം നിലനിറുത്തുന്നതിനു് അതിനു കഴിവുണ്ടാകുമോ? ഇതാണു് അടുത്തതായി ചിന്തിക്കാനുള്ളതു്.

ലോകഗവൺമെന്റിന്റെ അംഗരാജ്യങ്ങൾ തമ്മിലും ലോകഗവൺമെന്റിനെതിരായും കലാപങ്ങൾ ഉണ്ടാകാതിരിക്കാനും ലോകഗവൺമെന്റിന്റെ നിലനില്പിനും ബർട്രാൻഡു് റസ്സൽ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുണ്ടു്. അവ എന്തൊക്കെയാണെന്നു പരിശോധിക്കാം.

സായുധശക്തിയുടെ പരിപൂർണ്ണ നിയന്ത്രണം ഉണ്ടായിരിക്കുക, അംഗരാജ്യങ്ങൾക്കു പോലീസ് പ്രവർത്തനത്തിനുള്ള ആയുധങ്ങൾ മാത്രമുണ്ടായിരിക്കുക, വിഭാഗീയത ഉണ്ടാകാതിരിക്കാനായി ലോകഗവൺമെന്റിന്റെ ഓരോ യൂണിററും അമേരിക്ക, പടിഞ്ഞാറൻ യൂറോപ്പ്, റഷ്യ, ചൈന, ഇൻഡ്യ തുടങ്ങിയ രാജ്യങ്ങളിലെ ആളുകളെ കൂട്ടിച്ചേർത്തതായി

രിക്കുക, ഉടമ്പടികളുടെ മേൽ ലോകഗവണ്മെൻറിന് പരമാധികാരം ഉണ്ടായിരിക്കുക, അംഗരാജ്യങ്ങൾ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ നിർബന്ധിതമായ ഒരു തീരുമാനം പ്രഖ്യാപിക്കുക, ഏതെങ്കിലും കക്ഷി എതിർത്താൽ എന്തു ശക്തി പ്രയോഗിച്ചും ലോകഗവണ്മെൻറിൻെറ അധികാരം അടിച്ചേല്പിക്കുക, ഭയങ്കരമായ എതിർപ്പ് ഉണ്ടാകുമെന്നതിനാലും, അതു സമാധാനം സംരക്ഷിക്കുക എന്ന ലോകഗവണ്മെൻറിൻെറ കർത്തവ്യം നിറവേററുന്നത് അസാദ്ധ്യമെന്നതിനാലും കുടിയേററം മുതലായ പ്രശ്നങ്ങളിൽ ഇടപെടാതിരിക്കുക, അസംസ്കൃത സാധനങ്ങളുടെ ഭാഗിച്ചുകൊടുക്കലിൽ അഭിപ്രായം പറയാനുള്ള അവകാശം ഉണ്ടായിരിക്കുക, ആററംബോംബുകളോ, ഹൈഡ്രജൻ ബോംബുകളോ ഉണ്ടാക്കപ്പെടാതിരിക്കാൻ സ്ഫോടനവസ്തുക്കളുടെ പരമാധികാരം ഉണ്ടായിരിക്കുക, ഈ പരമാധികാരം സംരക്ഷിക്കപ്പെട്ടുന്നോ എന്നറിയാൻ പരിശോധനസ്സു കഴിവുകൾ ഉണ്ടായിരിക്കുക, ബാക്ടീരിയോളജിക്കൽ യുദ്ധമാർഗ്ഗങ്ങൾ പരിശോധനാതീതമായതിനാൽ അത്തരം പുതിയ സാഹചര്യങ്ങൾ നേരിടുന്നതിനു തക്കതുപോലെ ലോകഗവണ്മെൻറ് അതിൻെറ പ്രവർത്തനമണ്ഡലം വികസിപ്പിക്കുക, ഇങ്ങനെ പോകുന്നു, ലോകഗവണ്മെൻറിന് അവശ്യം വേണ്ട കാര്യങ്ങളുടെ പട്ടിക.

മേല്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാകുന്നവയാണോ, ഉപകാരപ്രദങ്ങളാണോ എന്നൊക്കെയാണ് ഇനിയും ചിന്തിക്കേണ്ടതു്. ലോകഗവണ്മെൻറുണ്ടാകാൻ സാദ്ധ്യതയില്ലെന്നുള്ളതിനു് ഉന്നയിച്ച കാരണങ്ങൾകൊണ്ടു തന്നെ ഈ നിർദ്ദേശങ്ങളും നടപ്പിലാകുകയില്ലെന്നു വ്യക്തമാകാവുന്നതാണ്.

ഈ നിർദ്ദേശങ്ങൾ ഉപകാരത്തിനു പകരം ഉപദ്രവം ആയിരിക്കും വരുത്തിവയ്ക്കുന്നത്. എല്ലാ അധികാരങ്ങളും ഉൾക്കൊള്ളുന്ന ഒരു ഗവണ്മെൻറിൻെറ പ്രവർത്തനം സർവ്വാധിപത്യഭരണത്തിനു തുല്യമാണ്. കുറേപ്പേരുടെ ഇഷ്ടാനുസരണം സംഗതികൾ നടക്കുന്നതിനു് ഇതു സഹായിക്കും. ആയുധ ശക്തിയുടെ പരിപൂർണ്ണാധികാരം അതിൻെറ ഉത്തരവാദിത്വം വഹിക്കുന്നവരിൽ അധികാരമോഹം ജനിപ്പിക്കും.

അവനവൻെറ രാജ്യത്തിനുവേണ്ടിയുള്ള പ്രവർത്തനം തടയുന്നതിന് ഓരോ സൈനികയൂണിററിലും വിവിധ രാജ്യങ്ങളിലെ ആളുകൾ വേണമെന്നു പറഞ്ഞിരിക്കുന്നു. പക്ഷെ ഇതു് ഓരോ യൂണിററിലും വിഭാഗീയ ചിന്തകൾ കടത്തിവിടാൻ മാത്രമേ സഹായിക്കൂ. വെള്ളക്കാരനെന്നും, കറുത്തവനെന്നും മററുമുള്ള വിവേചനം എപ്പോഴുമുണ്ടായിരിക്കും.

തീരുമാനങ്ങൾ എതിർക്കപ്പെട്ടാൽ എന്തുശക്തി പ്രയോഗിച്ചും അടിച്ചേല്പിക്കുക എന്നതാണ് അടുത്ത നിർദ്ദേശം. തൊട്ടടുത്തായി തന്നെ റസ്സൽ പറഞ്ഞിരിക്കുന്ന മറെറാരു നിർദ്ദേശം, സമാധാനം സംരക്ഷിക്കുക എന്ന കർത്തവ്യം അസാദ്ധ്യമായിത്തീരുമെന്നതിനാൽ വമ്പിച്ച എതിർപ്പ് ഭയന്നു കുടിയേററം മുതലായ പ്രശ്നങ്ങളിൽ മിണ്ടാതിരിക്കുക എന്നതാണ്. ഇവ രണ്ടും കൂടെ, ഏതായാലും, പൊരുത്തപ്പെടുന്നില്ല. രണ്ടാമത്തേതാണ് മെച്ചം. കാരണം, അതു ബുദ്ധിപൂർവ്വകവും പ്രായോഗികവുമാണ്. (എതിർപ്പു ഭയന്നു് ഒഴിഞ്ഞു മാറി നില്ക്കുക!). കുടിയേററം മുതലായ പ്രശ്നങ്ങൾ രാജ്യങ്ങൾ പരസ്പരം കൂടിയാലോചിച്ചു പറഞ്ഞുതീർത്തുവെന്നുവരാം. പക്ഷെ തീർക്കപ്പെടാത്ത പ്രശ്നങ്ങളിൽ ലോകഗവണ്മെൻറിടപെടാതിരുന്നാൽ ആ രാജ്യങ്ങൾ തമ്മിൽ യുദ്ധം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. അപ്പോൾ ലോകഗവണ്മെൻറിടപെട്ട് അടിച്ചമർത്തേണ്ടിവരുന്നു. അടുത്ത നിർദ്ദേശം അസംസ്കൃത വിഭവങ്ങളുടെ വിഭജനക്കാര്യമാണ്. അവിടെ ഇടപെടാൻ ചെന്നാൽ "വമ്പിച്ച എതിർപ്പ്" ഉണ്ടാകുകയില്ലേ?

ലോകഗവണ്മെൻറിൻെറ അധികാരം സൂക്ഷിക്കപ്പെടുന്നോ ഇല്ലയോ എന്നു പരിശോധിക്കുന്നതു ചാരപ്രവർത്തനമായിത്തീരാം, അല്ലെങ്കിൽ അങ്ങനെ വ്യാഖ്യാനിക്കപ്പെടാം.

ബാക്ടീരിയോളജിക്കൽ യുദ്ധമാർഗ്ഗങ്ങൾ പരീക്ഷിക്കുന്നതു പരിശോധിക്കാൻ തക്കതുപോലെ വളരുന്നതുവരെ എന്തുചെയ്യും? ആരെങ്കിലും രഹസ്യമായിട്ട് അതു ചെയ്താൽ എ

ങ്ങനെ അറിയും? അറിഞ്ഞുകഴിഞ്ഞാൽ അതിനെ എങ്ങനെ നേരിടും? ഇതൊക്കെ ഉത്തരം തരാത്ത പ്രശ്നങ്ങളാണ്.

ഇങ്ങനെ റസ്സലിൻെറ നിർദ്ദേശങ്ങൾ അപകടകാരികളും അപ്രായോഗികങ്ങളുമാണെന്നു തെളിയുന്നു.

സമാധാനം സംരക്ഷിക്കാൻ ലോകഗവൺമെൻറിനു കഴിവുണ്ടാകയില്ലെന്നുള്ളതു് ഇത്രയും സംഗതികളിൽനിന്നു വ്യക്തമാണ്. സമാധാന സംരക്ഷണത്തിനു പോയിപ്പോയി ലോകമഹായുദ്ധത്തിലെത്തിച്ചേരുവാനുള്ള സാദ്ധ്യതയാണ് ഒരു ലോകഗവൺമെൻറിനു വേണ്ടിയുള്ള പ്രവർത്തനത്തിൻെറ ഫലം. അസാദ്ധ്യവും അപകടകരവുമായ ഒരു വ്യാമോഹം മാത്രമാണതു്.



"ഒരു നവയുഗമേ കാൺമൂ നാം ഇനി,
ഒരോ നവയുഗമേ കാൺമൂ നാം."

*By* IBRAHIM M.A. (ii Philo.)

# കലാലയത്തിൽ

എൻ. കെ. ദേശം, (പൂർവ്വവിദ്യാർത്ഥി)

1

ഈ നിലത്താദ്യം കാല്
വെച്ചു, ഞാനറിയാതെൻ-
മാനസം ഗാനാർദ്രമാം
വീണപോൽ വിതുമ്പിപ്പോയ്.
കണ്ടതൊക്കെയും കൺകൾ-
ക്കുത്സവം; ചിത്തം പുത്തൻ-
ചെണ്ടണിഞ്ഞു; ഞാനേതോ
വിണ്ടലോദ്യാനം പൂകി.

2

ശാരദാകാശാദ്ധ്വാവിൽ
സ്വൈരസഞ്ചാരം ചെയ്യും
നീരദങ്ങളെപ്പുല്കി-
യുന്നത പ്രാസാദങ്ങൾ,
മാരുതൻ തലോടുമ്പോൾ
മർമ്മര സ്വരാലാപ-
മാധുരി തൂകും ലതാ-
മാമര സമൂഹങ്ങൾ,
മാരി വില്ലുകൾ കൊണ്ടു
മാറിടം മൂടി, ച്ഛാത്ര-
മാദക നൃത്തം ചെയ്യും
ത്തു മിന്നൽപ്പിണരുകൾ.
ലോലലോലമായ്, കപ്പി-
ച്ചില്ലുകൾ കിലുങ്ങുന്ന
പോലെ മൊഴിഞ്ഞീടും രമ്യ-
നർമ്മ ഭാഷണ കാരണം,
ഉച്ച വെയ്ലിനെക്കന്നി-
പ്പൂനിലാവാക്കിത്തീർക്കും
സ്വച്ഛ ശീതള ശാന്ത-
സൗഹൃദ പ്രവാഹങ്ങൾ,
കളിവാക്കുകൾ, ചർച്ചാ-
വാദങ്ങ, ളെന്നീ നാനാ-
ഘടകങ്ങൾ തൻ മായാ-
മാസ്മര വിലാസത്താൽ,
ഉത്സവാഘോഷം പോലെ
ജീവിതം നീങ്ങി; നാലു
വത്സരം തെന്നിത്തെന്നി-
പ്പോയ തോർത്തില്ലാ തെല്ലും!

3

മാമക കലാബോധം
കൺ തുറന്നന്നൊരാ-
തീ മനോഹര രംഗ-
മണ്ഡപത്തിൽ വെച്ചല്ലോ:
മഞ്ഞുകാലത്തിൽപ്പൂത്ത
മാവുകളതിൻ പൂ-
മഞ്ജരീവൃന്ദം നേർത്ത
സൗരഭം പരത്തുമ്പോൾ,
ചൂളമിട്ടോടും കാറ്റിൽ-
ത്താളമിട്ടാടും ചെമ്പർ-
ച്ചുള്ള വൃക്ഷങ്ങൾ നൃത്ത-
പാടവം കാണിക്കുമ്പോൾ,
പച്ചിലക്കുളിർപ്പൊന്ത-
ക്കുള്ളിലൂടിഴഞ്ഞെത്തു-
മുജ്ജ്വല ദിവാകര-
രശ്മികളങ്ങിങ്ങായി
ട്ടു വെളിച്ചത്താൽ വെള്ള-
പ്പുള്ളി കുത്തിയ നിഴൽ-
പ്പുടവാട ഭൂവിൻ മാറിൽ-
ക്കൂടി യുന്നിഴയുമ്പോൾ,
ജന്മനാ കവിയല്ല-
ന്നാകിലും വിടരാറു-
ണ്ടെന്മനസ്സിലും കാവ്യ-
കല്പനാ സ്ഫുലിംഗങ്ങൾ.

4

ഉത്തമ സ്നേഹോദാര-
ചിത്തരാം ഗുരുക്കന്മാർ;
ഉൾത്തടം തമ്മിൽത്തമ്മിൽ
മാറിയ സുഹൃത്തുക്കൾ;-
ഇവരോടെല്ലാമന്ത്യ-
യാത്രചോദിപ്പാൻ പോലു-
മിവനിന്നശക്തനാം;-
എന്മനം ചിന്താക്രാന്തം,
സുന്ദരം, ധീരം, ത്യാഗ-
നിർഭരം, ശക്തം, പക്ഷേ-
യിത്തരം സന്ദർഭത്തി-
ലെത്ര ദുർബ്ബലം സ്നേഹം;

# ചങ്ങമ്പുഴ

അജയൻ. ടി. ആർ. (പ്രീ. യൂ. സി. ബാച്ച് A.)

അനുകരണം അഭിനന്ദനത്തിന്റെ ലക്ഷണമാണല്ലോ, പ്രത്യേകിച്ചും സാഹിത്യത്തിൽ. അങ്ങിനെ അനുകരിക്കപ്പെട്ട പല സാഹിത്യാചാര്യന്മാരും കൈരളിയുടെ കണ്ഠത്തിൽ മലർമാലയർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇവരിലെല്ലാവരേക്കാളുമുപരിയായി അനുകരിക്കപ്പെട്ട്, ഇപ്പോഴും അനുകരിക്കപ്പെടുന്ന ഒരു രജതതാരക ഭാഷാ സാഹിത്യ നഭസ്സിൽ മിന്നിത്തിളങ്ങുന്നതു് നിങ്ങൾ കാണുന്നില്ലേ? അതാരാണെന്നോ? അതാണ്, പാലായുടെ ഭാഷയിൽ,

"മലതലങ്ങളും മാനവും പുഷ്പിത-
തരുനിരകളും പാടിപ്പുകഴ്ത്തുവാൻ
അരിയ കേരളകേദാര ഭംഗികൾ
അകമഴിഞ്ഞെങ്ങും പാടിനടന്നവ" നായ ചങ്ങമ്പുഴ! ആധുനിക മലയാള കവനപ്രവണതയുടെ ഒരു കറുകമുറി.

സ്വന്തം സിംഹാസനവും കൊണ്ട് നാകരാജ്യത്തിൽനിന്നും നേരിട്ടിറങ്ങി മലയാളത്തിന്റെ സാഹിത്യ രംഗവേദിയിൽ സ്ഥിരപ്രതിഷ്ഠ നേടിയ ധീരനാണ് ചങ്ങമ്പുഴ. ആധുനിക മലയാള സാഹിത്യത്തിൽ ഇത്രമാത്രം ചെപ്പാട്ടുണ്ടാക്കിയ മറ്റൊരു കവി ഇല്ലെന്നു തീർത്തുപറയാം. "ചിലർക്കദ്ദേഹത്തിന്റെ കവിത വെളിച്ചവും ചൈതന്യവും അമൃതമാണെങ്കിൽ മറ്റു ചിലർക്കാവട്ടെ അതു് ഇരുളും ജാഡ്യവും കാളകൂടവുമാണ്." ഒരുവശത്തു് ജനങ്ങളാൽ മുക്തകണ്ഠം പ്രശംസിക്കപ്പെടുകയും മറുവശത്തു് ശകാരിക്കപ്പെടുകയും ചെയ്യുന്ന കൃതികളെന്നതുകൊണ്ടു തന്നെ ചങ്ങമ്പുഴ കൃതികൾ നമ്മുടെ സത്വരശ്രദ്ധയെ ആകർഷിക്കുന്നു. നമുക്കതിലേക്കു കടക്കാം.

"യൌവനത്തിന്റെ വിജയപതാകയായ പ്രേമത്തിന്റെ ചാഞ്ചാട്ടങ്ങളെയും ചാപല്യങ്ങളെയും താഴ്ചകളെയും തകർച്ചകളെയും പ്രതിപാദിക്കുന്ന പുത്തൻ പാരമ്പര്യത്തിന്റെ കവി" എന്ന നിലക്കു തന്നെ ചങ്ങമ്പുഴ ശ്രദ്ധേയനാണ്. "സൌന്ദര്യ ദർശനത്താൽ ഉൾപ്പുളകമേന്തി സ്വപ്നത്തിലെന്നപോലെ അദ്ദേഹം നമുക്കു കവിത പകർന്നു തന്നു". ചങ്ങമ്പുഴ സ്വന്തം കവിതയെഴുത്തിനെക്കുറിച്ച് സുധാംഗദയുടെ ആമുഖത്തിൽ പറയുന്നതു നോക്കൂ: "വികാരോദ്വേജകങ്ങളായ നിമിഷങ്ങളിൽ പ്രകടനോന്മുഖമായ കവിഹൃദയം തരംഗിതമായിച്ചമയുകയും അവനറിയാതെ തന്നെ അതു ഉള്ളിൽത്തുളുമ്പി വാഗ്രൂപേണ പുറത്തേക്കു വരികയും ചെയ്യുന്നു. ഒരു യഥാർത്ഥ കലാകാരന് കലാനിർമ്മിതി ഒരു സ്വപ്നമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അദൃശ്യമായ ഏതോ ഒരു ശക്തി അവനിൽ പ്രവർത്തിക്കുന്നു. ആ അദൃശ്യ ശക്തിയുടെ ആജ്ഞ അനുസരിക്കയാണവന്റെ കലാസൃഷ്ടി".

കരളും കുളിർപ്പിക്കുന്ന സംഗീത മാധുര്യവും കണ്ണഞ്ചിപ്പിക്കുന്ന രൂപപ്പൊലിമയും ചങ്ങമ്പുഴക്കവിതയുടെ പ്രത്യേകതകളാണ്. സംഗീതാത്മകത്വവും നാദസൌകുമാര്യവുമാണെന്നു തോന്നുന്നു അദ്ദേഹത്തിന്റെ സ

---

5

ഞങ്ങളെ സ്നേഹാമൃതോടെ-
യിത്രനാൾ താലോലിച്ച
മംഗളാത്മികേ, വിദ്യാ-
കേന്ദ്രമേ, നമോവാകം;
താവകാംഗുലി നിത്യ-
ഭാസുരോജ്ജ്വലമായ
ഭാവിയെസ്സദാ ചൂണ്ടി-
ക്കാട്ടുന്നു ഞങ്ങൾക്കായി.
അതിനെപ്പിടിക്കുവാൻ,
കീഴടക്കാൻ, നീ തന്നോ-
രറിവിൻ വെളിച്ചത്തിൽ
മുന്നോട്ടുപോട്ടെ ഞങ്ങൾ.
വിട നൽകണേ പോകാൻ
ഞങ്ങൾ വേർപിരിഞ്ഞാലും
വിരഹാമയം തീർക്കാൻ
വേറെയുണ്ടല്ലോ മക്കൾ.




State Basket Ball Players—1961–'62.



Women's Basket Ball Team.



College Athletic Team



Our Cricket Team

## STATE BASKET BALL PLAYERS

Aley T. Thomas; Darly Oommen; M. V. Aisha; Susan Thomas.

## WOMEN'S BASKET BALL TEAM

Sitting (L. to R.):— Miss C. L. Ittianam; Miss Susan Thomas; Mr. T. B. Thomas; Miss Darley Oommen; Mr. C. P. Andrews.

Standing (L. to R.):— Miss Aley T. Thomas; Miss Kusum Annie Abraham; Miss Rachel George; Miss Sosakutty Oommen; Miss Gigy Andrews; Miss Eliamma Mathew.

Floor (L. to R.):— Miss V. I. Kumari; Miss M. V. Aisha.

## COLLEGE ATHLETIC TEAM

Sitting (L. to R.):— Miss C. L. Ittianam, B. A., D. P. E.; Mr. George Zachariah (Captain); Mr. C. P. Andrews, B. A., D. P. E., (Physical Director); Mr. T. B. Thomas, M. Sc. (Dunlem) A. Inst. P. (Principal) Miss V. I. Kumari (Captain); Miss Sosakutty Oommen.

Standing 1st Row (L. to R.):— Mr. C. G. Varghis; Mr. Francis Fernanduz; Miss V. K. Annikutty; Miss Kusum Annie Abraham; Miss Layamma Cheriyan; Mr. Sasidharan Nair; Mr. P. E. Antony.

Standing 2nd Row (L. to R.):— Messers B. John; Jacob Ninan; V. M. Chacko; Samuel K. John; Abdul Salam; M. J. Jacob.

## OUR CRICKET TEAM

Sitting :— M/s. K. P. Mathew M. A. (President); Thomas Ninan (Captain); T. B. Thomas M. Sc., A. Inst. P. (Principal); Vijayan Menon; Samuel K. John.

Standing 1st Row :— M/s. Venugopal; K. J. George; Philip Mathew, Modayil; George Varghese; K. Rajagopal.

Standing 2nd Row :— M/s. Abraham C. Kuruvilla; Sasidharan; A. J. Abraham; Chandrasekharan.

ഹജമായ കഴിവുകൾ. അകൃത്രിമവും അക്ലിഷ്ട മധുരവുമാണദ്ദേഹത്തിന്റെ ഗാനാലാപനശൈലി. ഇതര കലകൾ നല്കുന്ന ഇന്ദ്രിയ സുഖം കാവ്യത്തിനു പ്രദാനം ചെയ്യാനുള്ള കഴിവിൽ ചങ്ങമ്പുഴ ഭാഷാപദ്യ സാഹിത്യത്തിൽ ഇതഃപര്യന്തം അതുല്യനായി നിലകൊള്ളുന്നു. തികഞ്ഞ ആത്മാർത്ഥതയോടെ മാത്രമേ അദ്ദേഹം കാവ്യരചന നടത്തിയിട്ടുള്ളു. തന്റെ ജീവിതത്തിലെ ഓരോ അനുഭവങ്ങളെയും സൂക്ഷ്മമായി പഠിച്ചു് തികഞ്ഞ വികാരതീക്ഷ്ണതയോടെ മനോഹരമായ ശൈലിയിൽ എഴുതിപ്പിടിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവു് അത്ഭുതാവഹം തന്നെ!

പൊൻകുന്നം വർക്കിയുടെ ഭാഷയിൽ ചങ്ങമ്പുഴക്കവിത, "കൂലം തല്ലിപ്പൊളിച്ചൊഴുകുന്ന ഒരു വർഷകാല തടിനിയല്ല; ഇരുവശവും വെൺമണൽപ്പരപ്പണിഞ്ഞ കന്നിയാറാണു്". ചങ്ങമ്പുഴയുടെ സംഗീതാത്മകതയെയും നാദസൌകുമാര്യത്തെയും പറ്റി എ. ബാലകൃഷ്ണപ്പിള്ള പറഞ്ഞ വാക്യം എത്ര വാസ്തവമാണു്. "കേരളീയ കവികളിൽ ചെവിക്കു പരമമായ ഇമ്പം നല്കുന്ന കവി ശ്രീ. ചങ്ങമ്പുഴ മാത്രമായതുകൊണ്ടു് ചെവിക്കുള്ള പരമമായ ഇമ്പം പരമപ്രാധാന്യമാണെന്നു് നൈസർഗ്ഗികമായി വിചാരിക്കുന്ന കേരളീയ ജനതയിലെ ഭൂരിപക്ഷക്കാരും തങ്ങൾ നാശമടയുന്നതുവരെ അദ്ദേഹത്തെ തങ്ങളുടെ ഏറ്റവും ഓമനക്കവിയായി പരിഗണിക്കുമെന്നതിൽ പക്ഷാന്തരമില്ല". അദ്ദേഹത്തിന്റെ വർണ്ണനാചാതുരിക്കു് മകുടോദാഹരണങ്ങളായിക്കൊണ്ടു് ആയിരമായിരം ഈരടികൾ സപ്തസ്വര സുന്ദരികളായി കച്ചയും ചിലമ്പും അണിഞ്ഞു് ഒരുങ്ങിനില്പുണ്ടു്. മനസ്വിനിയിലെ ഈ വരികൾ നോക്കൂ:

"നീലാരണ്യ നിചോള നിവേഷ്ടിത
നീഹാരാർദ്ര മഹാദ്രികളിൽ
കാല്യലസൽജലകന്യക കനക-
ക്കതിരുകൾ കൊണ്ടൊരു കണിവെക്കേ,
തളിരുതിരുകളിലദൃശ്യ ശരീരികൾ
കാനന കാമദ ദേവതകൾ
കലയുടെ കമ്പികൾ മീട്ടും മട്ടിൽ
കളകളമിളകീ കാട്ടുകളിൽ" ചിന്താഭാരങ്ങളിൽനിന്നു് അന്തരാത്മാവിൽ ഊറിക്കൂടുന്ന സംസ്കാരത്തോടു് സാദൃശമല്ലെങ്കിലും മറെറാരുതരം വികാരോത്തേജകമായ ഒരനുഭവം ഇതിൽ നമുക്കു കൈവരുന്നു.

ചങ്ങമ്പുഴ ഒരു വിപ്ലവകാരിയായിരുന്നില്ല. ചൂടില്ലാത്ത പ്രകാശമായിരുന്നു അദ്ദേഹം. നിർദ്ദയ നിയമത്തിന്റെ നേർക്കു് അദ്ദേഹമെറിഞ്ഞിരുന്ന വെടിയുണ്ടകൾക്കു് അശനിപാതത്തിന്റെ അലച്ചയല്ല, പൂവിന്റെ മൃദുത്വമാണുണ്ടായിരുന്നതു്. പക്ഷെ ആ ഗാനങ്ങളിൽ മുഴച്ചുനിന്ന ജനകീയാഭിലാഷങ്ങൾക്കു മാർഗ്ഗദർശനം നല്കാനും ജനതയിൽനിന്നാവേശം കൊണ്ടു് അവരെ ആവേശംകൊള്ളിക്കാനുതകുന്ന ചില നല്ല കൃതികൾ രചിക്കാനുമുള്ള അഭിനിവേശം നാം കാണുന്നു. അങ്ങിനെ ജീവിതത്തിൽനിന്നും ഭിന്നമല്ലാത്ത തത്വസംഹിതയുള്ള ഒരു കവിക്കല്ലാതെ "വാഴക്കുല" എഴുതാൻ കഴിയുമെന്നെനിക്കു തോന്നുന്നില്ല. അത്തരം ഒരു മനുഷ്യ കഥാനായകനെ,

"അവശന്മാരാർത്തന്മാരാലംബഹീനന്മാ-
രവരുടെ സങ്കടമാരറിയാൻ?

* * * *

മദമത്ത വിത്ത പ്രതാപമേ നിന്റെ
മദിരോത്സവങ്ങളിൽ പങ്കുകൊള്ളൂ," എന്ന തരത്തിലുള്ള ആത്മഗാനം പാടാൻ കഴിയൂ. മർദ്ദിതജനങ്ങളുടെ വേദനയിൽ വേദനിക്കുകയും അവർക്കുവേണ്ടി സ്പന്ദിക്കുകയും ചെയ്യുന്ന ഹൃദയത്തിനു മാത്രമേ,

"ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ
പതിതരേ നിങ്ങൾ തൻ പിന്മുറക്കാർ
പണമുള്ളോർ നിർമ്മിച്ച നീതിക്കിതിലൊന്നും
പറയുവാനില്ലേ?" എന്ന അലമാലകളെ തോല്പിക്കുന്ന ശബ്ദത്തിൽ പാടാനൊക്കൂ.

താൻ ജീവനെക്കാൾ സ്നേഹിച്ച തോഴന്റെ മരണം അദ്ദേഹത്തെ ദുഃഖത്തിന്റെ ആഴമേറിയ ആഴിയിലാഴ്ത്തി. അതദ്ദേഹത്തിന്റെ ജീവിതവീക്ഷണത്തിനു മാററം വരുത്തി. അദ്ദേഹം വിഷാദാത്മകനായി മാറി. പരാജയ പ്രസ്ഥാനത്തിന്റെ പ്രചോഷകന്മാരിൽ ഒരാളായ ചങ്ങമ്പുഴയെ ആധു

നിക ഇംഗ്ലീഷ് മഹാകവി ലാറൻസിനോട് ഉപമിക്കാമെന്ന് എ. ബാലകൃഷ്ണപിള്ള പറയുന്നു. ചങ്ങമ്പുഴയുടെ വിഷാദാത്മകത്വത്തിൽ ലാറൻസിന്റേതു പോലെ കയ്പു കലർന്നിട്ടുണ്ടത്രേ! ആ വിഷാദാത്മകത്വം വികസിച്ച് അസത്യവും, ക്രൂരതയും, കാപട്യവും നടമാടുന്ന ജീവിതത്തോടുള്ള വെറുപ്പായി മാറി. ഈ വെറുപ്പായിരിക്കണം,

"കപടതക്കേ കഴിഞ്ഞിട്ടു കാണുന്ന
ജയപതാകയിവിടെ പറത്തുവാൻ
ഹൃദയശൂന്യത മാത്രമാണേതൊരു
വിജയലബ്ധിക്കുമേകാവലംബനം" എന്ന് കവിയെക്കൊണ്ടു പാടിപ്പിച്ചതു്!

സ്നേഹിക്കാനും ദുഷ്പ്രവൃത്തികളിൽ പശ്ചാത്തപിക്കാനുമുള്ള ആവേശമാണദ്ദേഹത്തിന്റെ കൃതികളിലെമ്പാടുമലതല്ലുന്നതു്. "ലളിതമായ വികാരപരതക്കുള്ള കെൽപ്പ്" അദ്ദേഹത്തിന്റെ കൃതികൾക്ക് മനോഹാരിത വർദ്ധിപ്പിക്കുന്നു. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമാഗ്രഹിക്കുന്ന അനേകം ഹൃദയങ്ങളെ ചങ്ങമ്പുഴക്കവിത ആകർഷിച്ചതു് ഈ കഴിവുമൂലമായിരിക്കാം!

അഭിപ്രായ വൈരുദ്ധ്യങ്ങളുടെ ഒരു കൂത്തരങ്ങാണദ്ദേഹത്തിന്റെ കൃതികൾ! ഇത്രമാത്രം അഭിപ്രായ വൈവിധ്യങ്ങൾ മററാരുടെ കൃതികളിലും കാണുകയില്ലെന്നു തീർത്തു പറയാം. തന്റെ ആദ്യകൃതികളിൽ,

"പെണ്ണെന്നൊരെണ്ണത്തിനെ സൃഷ്ടിക്കാതിരുന്നെങ്കി-
ലീലോകം പണ്ടേതന്നെ സ്വർഗ്ഗമായ് ചമഞ്ഞേനെ" എന്നും

"നാരികൾ നാരികൾ വിശ്വവിപത്തിന്റെ
നാരായവേരുകൾ നാകരീയാഗ്നികൾ" എന്നും ഉറക്കെപ്പാടിയ കവിക്ക് 'ദേവയാനി'യിലെത്തിയപ്പോഴേക്കും വന്ന മാററം ശ്രദ്ധിക്കുക: അതിൽ കചനെക്കൊണ്ടു സ്ത്രീകളെപ്പററി പറയിക്കുന്നതിങ്ങനെയാണ്:

"വെള്ളത്താമരപോൽ വിശുദ്ധിവഴിയും
സ്ത്രീഹൃദന്തമേ, ജീവിതം
പൊള്ളുമ്പോളമൃതം തളിച്ചുതരും
സൽസാന്ത്വന സ്വപ്നമേ
മുള്ളേററു മുറിയുമ്പോഴും പുമാനരുമ
അള്ളിച്ചുക്ക ചിരിച്ചിടും
സഹനതാസങ്കേതമേ വെൽവു നീ!"

കവിയുടെ വീക്ഷണഗതിയിൽ വന്ന മാററം നമ്മെ അത്ഭുതപ്പെടുത്തുന്നു!

ഭാഷയിൽ സംസ്കൃതത്തിന്റെ സ്വാധീനം മൂലം ദ്രാവിഡ വൃത്തങ്ങൾ അവഗണിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. അക്കാലത്തു് മഹാകവികൾകൂടി ദ്രാവിഡ വൃത്തങ്ങളിൽ കവിത എഴുതാൻ ഭയപ്പെട്ടു. അങ്ങനെ ദ്രാവിഡ വൃത്തങ്ങളാകുന്ന ചെടി വാടിക്കരിഞ്ഞു നശിക്കാൻ പോകുന്ന സന്ദർഭത്തിൽ അതിന് ആവശ്യമായ വെള്ളവും വളവും നല്കി അതിനെ പുനർജ്ജീവിപ്പിച്ചു. വളർത്തിയെടുത്ത ചങ്ങമ്പുഴയുടെ പാദപത്മങ്ങളിൽ ആയിരമായിരം പൂച്ചെണ്ടുകൾ സമർപ്പിച്ചാലും അധികമാവില്ല!

മലയാളഭാഷയുടെ ചരിത്രത്തിൽ ചങ്ങമ്പുഴയെപ്പോലെ ഇത്രമാത്രം പ്രതികൂല വിമർശനങ്ങളെ നേരിടേണ്ടിവന്ന കവികൾ ഇല്ലെന്നു തന്നെ പറയാം. കണ്ണും മൂക്കും നോക്കാതെയുള്ള ഈ വിമർശനങ്ങളെക്കുറിച്ച് വക്കം അബ്ദുൾഖാദറിന്റെ വിദഗ്ദ്ധാഭിപ്രായം നോക്കൂ: "ചങ്ങമ്പുഴ പാടുമ്പോൾ നമ്മുടെ മഹാകവികൾ ഉൾപ്പെടെ കേരളത്തിലെ കണക്കററ കവികളിൽ പലരും തങ്ങൾ പാടുകയല്ല, പറയുകയാണ് ചെയ്തിട്ടുള്ളതെന്ന് വിചാരിച്ച് തങ്ങളുടെ പരാധീനതയിൽ സങ്കടപ്പെടുന്നു. അവരിൽ പലരും ചങ്ങമ്പുഴയെ ചതച്ചല്ലാതെ തങ്ങൾക്കു രക്ഷയില്ലെന്നു വിചാരിച്ചുപോരുന്നു. അദ്ദേഹത്തെ പുലഭ്യം പറയുന്നവരുടെയും ആക്രമിക്കുന്നവരുടെയും അടിസ്ഥാനം മിക്കപ്പോഴും ആദർശമല്ല; കടുത്ത അസൂയയായി കണക്കാക്കപ്പെടുന്നു. ഒരു സാധാരണ കവിക്ക് ഒരിക്കലും അസൂയാലുക്കളെയോ നിർദ്ദയ വിമർശകന്മാരെയോ സൃഷ്ടിക്കാൻ കഴിയില്ല" അതെ, തീർച്ചയായും ഈ നിർദ്ദയ വിമർശകന്മാരുടെ വിമർശനങ്ങൾ അസൂയയുടെ മൂടുപടമിട്ടവയായിരുന്നു. ഈ അസൂയക്കാർ പലരും കവിതയെഴുത്തിൽ നിന്നും വിരമിക്കാനദ്ദേഹത്തോടാവശ്യപ്പെട്ടു. പക്ഷേ, ഇതിലൊന്നും പതറാത്ത, ഇടറാത്ത, തളരാത്ത തൂലികയായിരുന്നു ചങ്ങമ്പുഴയുടേതു്. ഈ വിമർശനങ്ങൾക്കുള്ള മറുപടിയായ "എന്റെ കവിത"യിൽ അ

ദ്ദേഹം തൻെറ കവിതാകാമിനിയോട് ആഹ്വാനം ചെയ്യുകയാണ്.

"നീയൊട്ടുമിടറാതെന്നൻ കവിതേ, പാരാകന്ന നിളെനിൻ ജയക്കൊടി, തുടരു നിൻ നൃത്തം നീ" ആ ആത്മവിശ്വാസത്തിൻെറ മുമ്പിൽ പഞ്ചപുച്ഛമടക്കി ഓഛാനിച്ചു നില്ക്കാൻ തോന്നുന്നു, അല്ലേ?

കലാകാരന്മാർ കാലത്തിൻെറ പടിക്കൽ കൃനില്ക്കാറില്ല. സാർവ്വകാലീനങ്ങളായ അനർഘ കുസുമങ്ങളാണവരുടെ കൃതികൾ. ഭാഷാസാഹിത്യ ഭണ്ഡാരത്തിലെ അനർഘ രത്നങ്ങളാണ് ചങ്ങമ്പുഴ കൃതികൾ. അവയുടെ കാന്തി അദ്ദേഹത്തിൻെറ കവനചാതുരിയെ ഉച്ചൈസ്തരം ഉത്ഘോഷിച്ചുകൊണ്ട് ആചന്ദ്രതാരം നിലനില്ക്കും. കല്പാന്തകാലത്തു ലോകം വിഴുങ്ങാനണയുന്ന കർക്കശ സമുദ്രത്തിലെ കല്ലോലപാളികൾ കൂടി ആ കവിതകൾ പഠിച്ച് പരിതൃപ്തരായി പാടി രസിക്കും!

അദ്ദേഹത്തിൻെറ തന്നെ വരികൾ ഉദ്ധരിച്ച് നിർത്തട്ടെ!

"വിസ്മയമാകവേ! വിശ്വമഹാ കവേ!
വിഖ്യാതികൊണ്ടു ജയക്കൊടി നാട്ടി നീ
ആഗമിക്കുന്നു ഹാ! നിൻ കാല്ക്കലിപ്പോഴും
ലോകപ്രതിഭകൾ കൂപ്പുകൈമൊട്ടുകൾ

* * *

നിത്യസ്മൃതിയുടെ ചക്രവാളാന്തത്തിൽ
നില്ക്കുന്ന വാടാത്ത നക്ഷത്രമായി നീ"



"കഞ്ജബാണൻ തൻെറ പട്ടംകെട്ടിയ രാജ്ഞിപോലെയാരു
മഞ്ജുളാംഗിയിരിക്കുന്ന മതിമോഹിനി."

*By* Ibrahim M. A. (ii Philo.)

# ശകലം തത്വജ്ഞാനം

## മനുഷ്യൻറെ ഇച്ഛാശക്തിക്ക് സ്വാതന്ത്ര്യം ഉണ്ടോ ?

കെ. ജയിക്കബ്

ഈ ചോദ്യത്തിനു ഒരുത്തരമേ സാധാരണ ആളുകൾക്കു തോന്നുകയുള്ളു. "തീർച്ചയായും മനുഷ്യക്കു സ്വാതന്ത്ര്യം ഉണ്ട്" എന്നു തന്നെ അവർ പറയും. നല്ലതും ചീത്തയും തമ്മിൽ തിരിച്ചറിഞ്ഞു രണ്ടിലൊന്നിനെ തിരഞ്ഞെടുക്കുന്നതിനുള്ള ശക്തി നമുക്കുണ്ടെന്നുള്ളതിനു യാതൊരു തർക്കവുമില്ല എന്നുള്ളതല്ലേ സത്യം ? ഈ ശക്തിക്കാണ് ഇംഗ്ലീഷിൽ "Freedom of the will" എന്നു പറയുന്നതു്.

ഇങ്ങനെയൊരു സ്വാതന്ത്ര്യം ഇല്ലെങ്കിൽ മനുഷ്യൻ വെറും മൃഗത്തെപ്പോലെയോ വെറും ഒരു നിർജ്ജീവയന്ത്രം പോലെയോ ആയിപ്പോകുമെന്നു നമുക്കു തീർച്ചയായും തോന്നും. ഒരു മേശമേൽ ഒരു പൂച്ചയും ഒരു പാത്രത്തിൽ കുറെ പാലും ഇരിക്കുന്നു എന്നു വിചാരിക്കുക. ആരുമവിടെയില്ല എങ്കിൽ കുറെ നേരം കഴിയുമ്പോൾ പൂച്ച പാൽ കുടിച്ചു കളയുമെന്നു വേണം വിചാരിക്കാൻ—എന്നാൽ പൂച്ചയ്ക്കു പകരം ആ വീട്ടിലെ വേലക്കാരൻ കൊച്ചനാണു അവിടെ നില്ക്കുന്നതെന്നു വരികിൽ അങ്ങനെയുണ്ടാകണമെന്നില്ല. വേലക്കാരൻ കൊച്ചൻ ആ പാൽ കുടിച്ചെന്നു വരാം. അങ്ങനെ ചെയ്താൽ യജമാനൻ "അവനിട്ടു രണ്ടു" കൊടുക്കാതെയിരിക്കുമോ? യജമാനൻ അങ്ങനെ ചെയ്യുമെന്നു വേണം വിചാരിക്കാൻ. പൂച്ചക്കിട്ടും യജമാനൻ രണ്ടു കൊടുത്തേക്കും. എന്നാൽ അതു കേവലം ബുദ്ധിമോശമാണ്. പൂച്ചയും പാലും ഒന്നിച്ചിരിക്കുന്നതിനു അനുവദിച്ച ആളിനെയാണു ശിക്ഷിക്കേണ്ടതു്.

ഇതിൻറെ അർത്ഥമെന്താണ് ? ശിക്ഷിക്കുന്നതു തന്നെ ശിക്ഷിക്കപ്പെടുന്നവനു സ്വാതന്ത്ര്യം ഉണ്ടെന്നു വിശ്വസിച്ചിട്ടല്ലേ ? ഒരു നാഴിക മണി ശരിയായ സമയം കാണിക്കുന്നില്ലെങ്കിൽ അതിനെ വല്ലവരും ശിക്ഷിക്കുമോ ? ഒരു ഫൌണ്ടൻപെൻ "ചീത്ത"യാണെന്നു പറയാം. എന്നാൽ അതിനെ ആരും ശിക്ഷിക്കയില്ല. ഒരു കൊച്ചൻ ചീത്തയായാൽ ശിക്ഷിക്കും. കാരണം—അവനു നല്ലതായിട്ടു പ്രവർത്തിക്കുന്നതിനുള്ള ശക്തിയുണ്ടെന്നു നമുക്കറിയാം. അവൻ ചീത്തയായി പ്രവർത്തിച്ചാൽ ശിക്ഷാർഹനാണ്.

മേല്പറഞ്ഞ വാദം ശരിയാണെന്നു സാധാരണ മനുഷ്യരൊക്കെ സമ്മതിക്കും. എന്നാൽ തത്വജ്ഞാനികൾ എല്ലാവരും ഇതു സമ്മതിക്കയില്ല. ഇതുകൊണ്ടാണു തത്വജ്ഞാനത്തെപ്പറ്റിയും തത്വജ്ഞാനികളെപ്പറ്റിയും പലർക്കും ഒരു അവജ്ഞയുണ്ടാകുന്നതു. എല്ലാ മനുഷ്യരും സമ്മതിക്കുന്ന സംഗതികളെപ്പറ്റി തർക്കങ്ങൾ പറഞ്ഞു സമയം കളയുന്ന ഒരു ജോലിയാണ് തത്വജ്ഞാനികൾ എടുത്തിരിക്കുന്നതെന്നു ചിലർ പറയാറുണ്ട്. അതു ശരിയോ തെറ്റോ എന്നു ഞാൻ പറയുന്നില്ല. എന്നാൽ തത്വജ്ഞാനികളുടെ തർക്കങ്ങൾ നിമിത്തം സംഗതികളുടെ സൂക്ഷ്മസ്ഥിതി എന്തെന്നറിയുന്നതിനുള്ള മാർഗ്ഗം കൂടുതലായി തെളിഞ്ഞുകിട്ടുമെന്നു തീർച്ചയാണ്. അങ്ങനെയാണു ശാസ്ത്രീയമായി പല സത്യങ്ങളും നമുക്കു സുഗമങ്ങളായിത്തീർന്നിട്ടുള്ളതു.

"മനുഷ്യൻറെ ഇച്ഛാശക്തിക്കു സ്വാതന്ത്ര്യം ഇല്ല" എന്നു ശഠിക്കുന്ന തത്വജ്ഞാനികൾ ഉണ്ട്. അവരുടെ വാദം എന്താണ്.

ഞാൻ പൂച്ചയുടെയും പാലിൻറെയും ഉദാഹരണം പറഞ്ഞതു് ഓർക്കുമല്ലോ. ആ വീട്ടിലെ വേലക്കാരൻ കൊച്ചൻ ആ പാലെടുത്തു കുടിച്ചുകളഞ്ഞു എന്നിരിക്കട്ടെ. അവനൊരു കള്ളനാണെങ്കിൽ അതു ചെയ്യുന്നു വരാം. നല്ലവനാണെങ്കിൽ ചെയ്യുകയില്ല. അതവൻറെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. നല്ലവൻ നല്ലതു പ്രവർത്തിക്കും എന്നുള്ളതിൽ സ്വാതന്ത്ര്യം ഒന്നുമില്ല എന്നാണ് ഇവർ പറയുന്നതു്. എൻറെ സ്നേഹിതൻ എന്നെ

കാണുന്നതിനു വീട്ടിൽ വരുന്നു. അയാൾ എന്റെ മേശമേൽ കിടക്കുന്ന വാച്ചു മോഷ്ടിച്ചുകൊണ്ടുപോകയില്ല എന്നെനിക്കു തീച്ചയുണ്ടു്. അങ്ങനെ മോഷ്ടിച്ചു കൊണ്ടുപോകുന്നതിനു് അയാൾക്കു സ്വാതന്ത്ര്യമേ ഇല്ല. കാരണം—അയാളുടെ സ്വഭാവം അങ്ങനെയാണു്—അത്രതന്നെ.

എന്നാൽ എത്ര നല്ലവനാണെങ്കിലും അയാൾ എന്നോടുള്ള സംഭാഷണത്തിൽ അല്പം കോപിച്ചെന്നു വരാൻ പാടില്ലേ? കോപിക്കുന്നതിനും കോപിക്കാതെ ഇരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം അയാൾക്കില്ലേ? 'ഇല്ല' എന്നാണിക്കൂട്ടർ പറയുന്നതു്. കോപസ്വഭാവമുള്ളവൻ കോപിക്കും. സൌമ്യൻ കോപിക്കയില്ല.

"അയാൾക്കു കോപം വന്നാൽ അടക്കാമല്ലോ. ശ്രമത്തിനു് അതു അസാദ്ധ്യമല്ലേ?" എന്ന ചോദ്യത്തിനും ഈ തത്വജ്ഞാനികൾ പറയുന്ന ഉത്തരം കേൾക്കേണ്ടതാണു്. കോപം വന്നാൽ അടക്കുന്നതിലും കാര്യകാരണബന്ധമുണ്ടു്. 'എന്റെ വീട്ടിൽവച്ചു് എന്നോടു കോപിക്കുന്നതു മോശമാണെന്നു'ള്ള വിചാരം ഒരു കാരണമായി പ്രവത്തിച്ചതായിരിക്കാം—അതിലും സ്വാതന്ത്ര്യമല്ല—വെറും കാര്യകാരണബന്ധമേയുള്ളു.

വലിയ തത്വചിന്തകനായിരുന്ന ഹ്യൂം എന്ന മഹാൻ പറയുന്നതു കേൾക്കേണ്ടതാണു്. സാധാരണയായി സൌമ്യമായി എപ്പോഴും വത്തിക്കുന്ന ഒരു സ്നേഹിതനെ ഞാൻ കാണുന്നു. അയാളോടു് എന്തോ ചോദിക്കുന്നു. അയാൾ നിനച്ചിരിയാത്ത വിധത്തിൽ കോപത്തോടെ ഉത്തരം പറയുന്നു. ഇതു സ്വാതന്ത്ര്യം നിമിത്തമല്ല. അയാൾ കാലത്തെ ഭക്ഷണം കഴിച്ചില്ലായിരിക്കാം. അല്ലെങ്കിൽ അയാളുടെ ഭാര്യയുമായി പിണങ്ങിയിരുന്ന നേരത്തായിരിക്കാം ഞാൻ അവിടെ ചെന്നതു്. ഈ കാരണങ്ങൾ നിമിത്തം അദ്ദേഹം കോപിക്കുന്നതിനു ഇടവന്നു. കാര്യകാരണബന്ധം ഉണ്ടെങ്കിൽ പിന്നെ സ്വാതന്ത്ര്യം എന്നൊന്നു പറയുന്നതിനു് അത്ഥമുണ്ടോ ?

ഈ കാര്യകാരണബന്ധത്തെപ്പററി അല്പം പറയേണ്ടിയിരിക്കുന്നു. ലോകത്തിൽ നടക്കുന്ന സംഭവങ്ങളെല്ലാം ഈ ബന്ധപ്രകാരം നടക്കുന്നതാണു്. സൂര്യൻ ഉദിക്കുന്നതും അസ്തമിക്കുന്നതും, വെള്ളം ഒഴുകുന്നതും, മരങ്ങൾ വളരുന്നതും എല്ലാം ഈ ബന്ധത്തെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യന്റെ ഇച്ഛാശക്തി മാത്രം ഈ ബന്ധത്തിനു വിധേയമല്ല എന്നു ചിലർ പറയുന്നു. ആ വാദം ഒട്ടും ശരിയല്ല എന്നാണു് ഹ്യൂം പറയുന്നതു്. മനുഷ്യന്റെ മനസ്സും ഈ ബന്ധമനുസരിച്ചു പ്രവത്തിക്കുന്ന ഒന്നാണു്—ഒരു കുട്ടി ജനിക്കുമ്പോൾ അവന്റെ മനസ്സു് എങ്ങനെയിരിക്കുമോ, അതനുസരിച്ചാണു് അവന്റെ ആദ്യത്തെ പ്രവൃത്തി. പിന്നീടുള്ളതിനു് ആ പ്രവൃത്തിയും കൂടെ ഒരു കാരണമായിത്തീരുന്നു. അങ്ങനെ ജീവിതം മുഴുവനും അവൻ വെറും ഒരു യന്ത്രംപോലെ പ്രവത്തിക്കയാണോ ? സ്വന്തം പ്രവൃത്തിയെ താനെന്നു അറിഞ്ഞുകൊണ്ടു വത്തിക്കുന്ന ഒരു യന്ത്രം മാത്രമാണു് അവൻ—നിജ്ജീവയന്ത്രത്തിനു് ഈ അറിവില്ല—അത്രതന്നെ. (Man is a machine which is conscious) അങ്ങനെയാണെങ്കിൽ ഒരു കൊലപാതകിയെ തൂക്കി കൊല്ലുന്നതു കേവലം അബദ്ധമല്ലേ ? ഇനിയും അവനാരെയും കൊല്ലാതെയിരിക്കുന്നതിനായിട്ടു് അതു ചെയ്യാം. അല്ലെങ്കിൽ അങ്ങനെ കൊല്ലുന്ന സ്വഭാവക്കാരെ ഭയപ്പെടുത്തുന്നതിനായി അതു ചെയ്യാം. ഈ ഭയവും ഒരു പുതിയ കാരണമായി പ്രവത്തിച്ചു് അവരിൽ ഒരു മാററം വരുത്തിയെന്നു വരാം. എന്നാൽ 'അവനങ്ങനെ ചെയ്തതിനു് അവനെ ശിക്ഷിക്കേണ്ടതാണെന്നു'ള്ള വാദം നിരത്ഥകമാണു് എന്നു സമ്മതിച്ചേ തീരൂ. അവന്റെമേൽ പ്രവത്തിച്ച കാരണങ്ങൾ നിമിത്തമാണു് അവനതു ചെയ്തതു്.

മനുഷ്യന്റെ മനസ്സു കാര്യകാരണച്ചങ്ങലയാൽ ബന്ധിക്കപ്പെട്ടതാണെങ്കിൽ ഇച്ഛാശക്തിക്കു സ്വാതന്ത്ര്യം ഉണ്ടാകുന്നതു അസാദ്ധ്യമാണെന്നാണു ഹ്യൂം വാദിക്കുന്നതു. ഇവിടെ കാരണങ്ങൾ ഏതാണു് ? നമ്മുടെ ഓരോ പ്രവൃത്തിക്കും കാരണങ്ങൾ നമ്മുടെ മനസ്സിലുള്ള പ്രേരകശക്തികൾ (motives) ആണു്. അനേകം പ്രേരകങ്ങൾ നമ്മുടെ മ

നസ്സിൽ അന്യോന്യം സമരം ചെയ്യുന്നു. അവയിൽ ഏററവും ശക്തിയുള്ളവ വിജയിക്കും, ആ പ്രേരണയനുസരിച്ചുള്ള പ്രവൃത്തി നാം ചെയ്യും, അത്രതന്നെ. ഒരു മനുഷ്യൻ ഒരു പാപം ചെയ്യുന്നതിനു—അതായതു മറെറാരാളിന്റെ പറമ്പിൽനിന്നു ഒരു സാധനം മോഷ്ടിക്കുന്നതിനു—പരീക്ഷിക്കപ്പെടുന്നു. ഇവിടെ പല പ്രേരകങ്ങളും ഭയങ്ങളും അയാളുടെ ഹൃദയത്തിൽ പ്രവർത്തിക്കുന്നുണ്ടു്—(1) അയാളുടെയും മക്കളുടെയും കഷ്ടസ്ഥിതി (2) മറെറാരുവന്റെ മുതൽ മോഷ്ടിക്കുന്നതിനുള്ള അവജ്ഞയും ഭയവും. (3) കണ്ടുപിടിക്കപ്പെടുമെന്നുള്ള ഭയം ഇത്യാദി. ആകെക്കൂടെയുള്ള ഈ സമരത്തിൽ ആദ്യം പറഞ്ഞ പ്രേരകത്തിനാണു് ശക്തി കൂടിയതെന്നിരിക്കട്ടെ. എന്നാൽ അയാളുടെ മനസ്സു ആ വഴിയിൽക്കൂടെ നയിക്കപ്പെടുകയും, അയാൾ മോഷ്ടിക്കയും ചെയ്യും. ഇങ്ങനെ ഒരു അപഗ്രഥനം നടത്തി നോക്കുമ്പോൾ ഇച്ഛാശക്തിയുടെ സ്വാതന്ത്ര്യം വെറും മിഥ്യാബോധമായി പരിണമിക്കുന്നു.

ഇതാണു് മനുഷ്യന്റെ ഇച്ഛാശക്തിക്കു സ്വാതന്ത്ര്യമില്ല എന്നു പറയുന്നവരുടെ വാദം. എന്നാൽ ഇനിയും എതിർവാദവും നാം കേൾക്കേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യം ഇല്ല എങ്കിൽ "നല്ലതും ചീത്തയും" ഇല്ല എന്നു നമുക്കു പറഞ്ഞുകൂടാ. "ഒരു പുസ്തകം നല്ലതാണു്." "ആ പട്ടി നല്ലതാണു്," "ഈ ഫൌണ്ടൻ പെൻ ചീത്തയാണു്" എന്നൊക്കെ നാം പറയാറില്ലേ. ഇതിനൊന്നും സ്വാതന്ത്ര്യം ഇല്ലല്ലോ.

നമ്മുടെ ഇച്ഛാശക്തിക്കു സ്വാതന്ത്ര്യം ഉണ്ടു് എന്നു നമുക്കു വിശ്വാസമുണ്ടെന്നു് പറയുന്നതിൽ വലിയ തെററില്ല. ഒരാളെപ്പററി "അവനതു ചെയ്യേണ്ടിയിരുന്നില്ല" എന്നു നാം പറയുമ്പോഴും നാം പറഞ്ഞതോ ചെയ്തതോ തെററിപ്പോയി എന്നു വിചാരിച്ചു നാം പശ്ചാത്തപിക്കുമ്പോഴും സ്വാതന്ത്ര്യം ഉണ്ടെന്നു നാം സമ്മതിക്കയാണു്. എല്ലാവർക്കും ഈ അനുഭവം ഉണ്ടു്. തന്നെത്താൻ കുററപ്പെടുത്തുക, അനുതപിക്ക, ഇതെല്ലാം നമ്മുടെ ഓരോരുത്തരുടെയും അനുഭവമാണു്. സ്വാതന്ത്ര്യം നമുക്കുണ്ടെന്നുള്ളതിനു വേറെ തെളിവു ആവശ്യമുണ്ടോ എന്നുള്ള ചോദ്യത്തിനു "ഉണ്ടു്" എന്നു ചിലർ പറയും. എന്നാൽ ഇതിന്റെ കാരണം—"നമുക്കു നമ്മെപ്പററിത്തന്നെ പല മൂഢവിശ്വാസങ്ങൾ ഉണ്ടെന്നു വരാം" എന്നുള്ളതു മാത്രമാണെന്നു മുൻ പറഞ്ഞ തത്വജ്ഞാനികൾ അഭിപ്രായപ്പെടുന്നു.

ഒരിക്കൽ മഹാനായ ഡോക്ടർ ജോൺസനോടു് ഒരാൾ ഈ ചോദ്യം ചോദിച്ചു. അദ്ദേഹം ഉടനെ മറുപടി പറഞ്ഞതിങ്ങനെയാണു്. "നിനക്കു സ്വാതന്ത്ര്യം ഉണ്ടെന്നു നിനക്കറിയാം-അത്രേ അതിനു പറവാനുള്ളു" എന്നാണു്. എന്നാൽ തത്വജ്ഞാനികൾ ഈ ഉത്തരം കൊണ്ടു തൃപ്തിപ്പെടുകയില്ല.

ബെർഗ്സൺ (Bergson) എന്ന വലിയ തത്വചിന്തകൻ ഇതിനു് ഒരുത്തരം പറയുന്നുണ്ടു്. അദ്ദേഹത്തിന്റെ വാദം മനസ്സിലാക്കുന്നതിനു കുറെ പ്രയാസമുണ്ടെങ്കിലും ഞാൻ അതിനെപ്പററി അല്പം പറയട്ടെ. നാം നമ്മുടെ കഴിഞ്ഞ ജീവിതത്തെ അപഗ്രഥിച്ചു പുറകോട്ടു നോക്കുമ്പോൾ നമുക്കുണ്ടാകുന്ന ഒരു പ്രമാദമാണു് സ്വാതന്ത്ര്യം ഇല്ല എന്നു തോന്നുന്നതു്. എന്നാൽ ജീവിതമാകുന്ന ഒഴുക്കു് അങ്ങനെ അപഗ്രഥിക്കപ്പെടാവുന്നതല്ല. ഓരോ നിമിഷത്തിലും നമ്മുടെ ജീവിതം മുന്നോട്ടു പാഞ്ഞൊഴുകുകയാണു്. അതൊരു സൃഷ്ടിപരമായ വളർച്ചയാണു്. നമ്മുടെ മനസ്സു പുതിയ ആദർശങ്ങളെയും പുതിയ പ്രവർത്തനങ്ങളെയും സൃഷ്ടിച്ചു കുതിച്ചു മുന്നോട്ടു പോകയാണു്. ഈ സൃഷ്ടിപരമായ പ്രവർത്തനത്തിനു മനുഷ്യന്റെ മനസ്സിനു ശക്തിയുണ്ടെന്നു നാം നമ്മുടെ ഉള്ളിൽത്തന്നെ അറിയുന്നുണ്ടു്. നമ്മുടെ യുക്തിമൂലമല്ല നമ്മുടെ സഹജജ്ഞാനം (Intuition) മൂലമാണു് അതറിയുന്നതു്. കഴിഞ്ഞ കാലത്തെ പ്രവൃത്തിയെ കാരണവും, കാര്യവുമായി അപഗ്രഥിച്ചു, ഖണ്ഡിച്ചു വീക്ഷിക്കുമ്പോൾ, നമുക്കു സ്വാതന്ത്ര്യം ഇല്ലെന്നു തോന്നും. അങ്ങനെയുള്ള വീക്ഷണത്തിൽ സ്വാതന്ത്ര്യം ഉള്ളതായി നാം കാണുകയില്ല. എന്നാൽ ആ പ്രവൃത്തി ചെയ്തപ്പോൾ നമുക്കു സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ചെയ്തുകഴിഞ്ഞപ്പോൾ, നാം ചെയ്തതിനു കാരണങ്ങൾ കണ്ടുപിടിക്കുന്നതി

ന്നു നമുക്കു സാധിക്കുന്നു. എന്നാൽ ***ആ കാരണങ്ങൾ നമ്മിൽ ശക്തിപ്പെടുന്നതിനു നാം തന്നെയാണു് അനുവദിച്ചതു്***. അതിനെതിരായുള്ള കാരണങ്ങൾ നമ്മുടെ മനസ്സിൽ പ്രബലപ്പെടുന്നതിനു നാം സമ്മതിച്ചില്ല. ഉദാഹരണമായി ഒരു കുട്ടി പരീക്ഷയിൽ കളവു പ്രവർത്തിക്കുന്നു. അതിനുള്ള കാരണങ്ങൾ "ജയിക്കാനുള്ള ആഗ്രഹവും, കണ്ടുപിടിക്കപ്പെടുകയില്ല എന്നുള്ള വിശ്വാസവും" ആയിരിക്കാം. എന്നാൽ കളവു പ്രവർത്തിക്കാതെയിരിക്കുന്നതിനുള്ള കാരണങ്ങൾ അവൻ്റെ "അഭിമാനവും കണ്ടുപിടിച്ചുപോകുമെന്നുള്ള ഭയവും" ആണു്. ഈ രണ്ടു സംഗതികൾ അവൻ്റെ മനസ്സിൽ പ്രബലപ്പെടുന്നതിനു് അവൻ ഇടകൊടുക്കുന്നില്ല. കൊടുക്കാത്തതു് "അവൻ്റെ സ്വഭാവം അങ്ങനെയുള്ളതായിട്ടാണെന്നു" പറയരുതേ, സ്വഭാവം അങ്ങനെ ഇരുമ്പുലക്കപോലെയുള്ളതല്ല, ഓരോ നിമിഷത്തിലും നാം സൃഷ്ടിച്ചുണ്ടാക്കുന്നതാണു് എന്നുള്ളതാണു് ബെർഗ്‌സൻ്റെ വാദത്തിൻ്റെ സാരം-നമ്മുടെ സ്വഭാവത്തിൻ്റെ ചില അംശങ്ങൾ ഇരുമ്പുലക്കപോലെയായിപ്പോയിരിക്കാം — എന്നാൽ ഒരുഭാഗം എപ്പോഴും വളർന്നുകൊണ്ടിരിക്കയാണു്. അതു നാം സൃഷ്ടിച്ചു വളർത്തിവരികയാണു്. ജവഹർലാൽ നെഹ്റുവിനു് ഒരു കള്ളം പറയുന്നതിനു് ഇപ്പോൾ ശക്തിയില്ലായിരിക്കാം. സത്യം മാത്രം പറഞ്ഞു പറഞ്ഞു, അസത്യം പറയുന്നതിനുള്ള ശക്തി അദ്ദേഹത്തിനു നശിച്ചുപോയി. എന്നാൽ ഒരു സന്ദർഭത്തിൽ കോപിക്കുന്നതിനോ കോപം അടക്കുന്നതിനോ ഉള്ള ശക്തി അദ്ദേഹത്തിനു് ഇപ്പോഴും ഉണ്ടായിരിക്കാം. അതിനാൽ ആ സ്ഥാനത്തു് അദ്ദേഹത്തിനിപ്പോഴും സ്വാതന്ത്ര്യം ഉണ്ടു്.

ചുരുക്കത്തിൽ പറയുമ്പോൾ നമ്മുടെ പ്രവൃത്തികളിൽ കാര്യകാരണ ബന്ധം ഉണ്ടെന്നു സമ്മതിച്ചാലും അതിനാൽ നാം വെറും യന്ത്രപ്പാവകളായിപ്പോകുന്നില്ല എന്നാണു് ഈ വാദം. നമ്മുടെ ഒരു പ്രവൃത്തിക്കു കാരണങ്ങളും പ്രേരകങ്ങളും കാണാം എന്നാൽ ആ പ്രേരകങ്ങൾ നാം തന്നെ നിശ്ചയിക്കുന്നതാണു്. അതു നമ്മുടെ മനസ്സിൻ്റെ അപ്പോഴത്തെ സ്ഥിതിയെ ആശ്രയിച്ചിരിക്കയില്ലേ എന്നു ചോദിച്ചാൽ പിന്നെ ഉത്തരമില്ല എന്നു തോന്നാം എന്നാൽ അതിനുള്ള ഉത്തരമിതാണു്. മനുഷ്യാത്മാവു വെറും യന്ത്രംപോലെ പ്രവർത്തിക്കുന്ന ഒരു സാധനമല്ല. സൃഷ്ടിക്കുന്നതിനു ശക്തിയുള്ള ഒന്നാണു്. ആ ശക്തി നിമിത്തമല്ലേ പുതിയ ആദർശങ്ങളും പുതിയ പുതിയ സംസ്കാരവും ലോകത്തിൽ എപ്പോഴും വന്നുകൊണ്ടിരിക്കുന്നതു്? മൃഗങ്ങൾക്കു് ഇതു സാദ്ധ്യമല്ല. തേനീച്ചകൾ അനേകായിരം വർഷങ്ങൾക്കു മുമ്പു നിർമ്മിച്ചതരം കൂടു തന്നെയാണു് ഇപ്പോഴും നിർമ്മിക്കുന്നതു്. എന്നാൽ ആദിമ മനുഷ്യർ ഉണ്ടാക്കിയ വീടുകൾപോലെയല്ല നമ്മുടെ ഇപ്പോഴത്തെ വീടുകൾ. എല്ലാ തുറകളിലും നമ്മുടെ മനസ്സു് സൃഷ്ടിപരമായി പുരോഗമിക്കുന്നു. നമുക്കു സ്വാതന്ത്ര്യം ഉണ്ടെന്നുള്ളതിനു ഇതുതന്നെ മതിയായ തെളിവല്ലേ?

# INDIAN ALUMINIUM COMPANY LTD.

(A CANADIAN-INDIAN ENTERPRISE)

**India's Premier Producer of Aluminium**

MAIN PRODUCTS : **Bauxite, Alumina, Carbon electrode paste, Aluminium and its Alloys as Ingots, Plates, Sheets, Bars, Tubes, Powder and Pigment.**

PRODUCTION OPERATIONS :

**Bauxite mines – Lohardaga, Bihar** **Alumina Works–Muri, Bihar**

**Reduction Works– Alwaye, Kerala / Hirakud, Orissa**

**Rolling Mill –Belur, W. Benga,**

**Extrusion Plant–Alwaye, Kerala**

**Powder and Paste Plant—Kalwa, Maharashtra.**

SALES OFFICES :

CALCUTTA, NEW DELHI, BOMBAY & MADRAS

REGISTERED OFFICE :

31, CHOWRINGHEE ROAD, CALCUTTA.

Aluminium is fast replacing other metals and wood in industry and the home. Regarded with little favour only twenty years ago, Aluminium has today become the Engineer's favourite light metal. It is used in the manufacture of a wide range of products like structurals, window frames, rail coaches, aircrafts, foils, collapsible tubes and paints.

The wider acceptance aluminium enjoys in the country today is largely due to the ceaseless efforts of Indian Aluminium, pioneer and leader of India's Aluminium Industry. Indian Aluminium today accounts for almost 90% of the country's production and is helping India attain self-sufficiency in Aluminium and Aluminium products.



Volley Ball Team—1961-'62



College Hockey Team



Basket Ball Team—1961-'62



College Foot Ball Team

## VOLLEY BALL TEAM (1961–'62)

Standing (L. to R.):— M/s. A. J. Isaac; Thomas Abraham; Abraham Joseph; K. P. Dinakar; E. C. Antony; Oommen Kurian.

Sitting :— Mr. C. P. Andrews (Physical Director); Dr. P. M. Mathai (President); M/s. T. B. Thomas (Principal); Baby John (Captain); Johnny Thomas.

## COLLEGE HOCKEY TEAM 1961—'62

Sitting (L. to R.):— Mr. C. P. Andrews (Physical Director); Miss C. L. Ittianam (Physical Instructress); Mr. T. B. Thomas (Principal); M/s. P. A. Isaac (Captain); Philip Mathew, Modayil.

Standing 1st Row (L. to R.):— M/s. Philip John; P. J. Sam; Samuel K. John; Boobily Oomman; W. A. John.

Standing 2nd Row (L. to R.):— M/s. Jacob Ninan; Thomas Varughese; Kurian Oomman; C. C. Abraham.

## BASKET BALL TEAM (1961–'62)

Sitting :— C. I. Ittoop; C. P. Andrews (Lecturer in Physical Education); M. K. Mani (Captain); T. B. Thomas (Principal); G. Radhakrishnan.

Standing :— M/s. Abraham Koshy; John Ninan Varghis; M. P. Jacob; V. I. Jacob; Samuel K. John; K. V. Abraham; George P. Mani.

## FOOT BALL TEAM 1961–'62

Sitting on Floor (L. to R.):— Messers Thomas Mathew; C. T. Mathew.

Sitting (L. to R.):— Mr. C. P. Andrews (Physical Director); Mr. C. C. Joy (Captain); Mr. T. B. Thomas (Principal); Miss C. L. Ittyanam (Physical Directress); Mr C. T. Benjamin (President).

Standing 1st Row (L. to R.):— M/s. Verghis Mathew; P. T. Mathew; A. V. Thomson; Thomas Verghis; Abraham C. Koshy; B. T. Thankachen; A. I. John.

Standing 2nd Row (L. to R.):— M/s. C. G. Verghis; Babu George Mathew; Thomas Ninan; T. A. Andrews; Kurien Oommen; P. A. Isaac.

# ★ हिन्दी गद्य साहित्य ★

SUSHEELAMMA CHACKO

CLASS I MATHS.

महान लेखक, उपन्यासकार, नाटककार, निबंधकार आदियों के अनेकवर्षों के परिश्राम का परिणित फल है आज के हिन्दी साहित्य का रूप। हिन्दी साहित्य का पुराना रूप और आज का रूप। कितना अंतर है। हिन्दी गद्य साहित्य, पुराने रूप से दिन दुना चौगुना हो गया है। राजा शिवप्रसाद राजा लक्ष्मणसिंह लल्लुलाल, सदल मिश्र, मुंशी सदासुखलाल आदि हिन्दी साहित्य के विकास के लिये प्रयत्न करनेवालों में प्रमुख थे।

राजा शिवप्रसाद हिन्दी की रक्षा के लिये प्रयत्न करते थे। पहले वे ठठ हिन्दी के पक्षपाता थे जिस में कुछ अर्वा-फारसी शब्दों का भी प्रयोग हो। लेकिन बाद में उनका रूप बदल गयी। वे गड़े मुर्दे न उखाड़ना प्रयत्न करते थे। असली हिन्दी का नमूना लेकर उस समय राजा लक्ष्मणसिंह ही आगे बढ़े। उन्होने प्रजाहितैषी नामक एक पत्र आगरे से निकाला और अभीज्ञान शाकुन्तला "का अनुवाद बहुत ही सरस और विशुद्ध हिन्दी में प्रकाशित किया। पंजाब में आर्य-समाज के प्रभाव से हिन्दी गद्य का प्रचार बर्ग तेज़ी से हुआ। पंडित श्रद्धारामजी हिन्दी भाषा के प्रचार में बराबर लगे रहते थे।

कुछ अंग्रेज़ विद्वान संस्कृत गर्भित हिन्दी की हँसी उडाने के लिये किसी अंग्रेज़ी वाक्य में उसी मात्रा में लैटिन के शब्द भर कर पेडा करते है। उनको यह समझना चाहिए कि अंग्रेज़ी का लैटिन के साथ कोई संबध नहीं है। लेकिन बंगला, हिन्दी मराठी आदि भाषओं में एक गाढी मित्रता है, वे एक कुटुंब की भाषायें हैं।

पुष्ट हिन्दी की रचना राजा लक्ष्मणसिंह ने की। उनके समय में ही हिन्दी गद्य की भाषा अपने भावि रूप का आभास दे चुकि थी। उसके बाद शांति संपन्न लेखकों की प्रतिभ और उद्भावना के बल से हिन्दी भाषा सुव्यवस्थित और परिमार्जित हो गयी। भारतेन्दु का उदय हुआ। समाज के सभी पहलूओं पर उन्होंने अपनी लेखनी चलाई है। उन्होंने हिन्दी के लिए तना मन, धन सब कुछ समर्पित किया। हिन्दी साहित्य को एक नये मार्ग पर ला खडा कर दिया। काल की गति के साथ उनके भाव और विचार बहुत आगे बढ़ गये थे।

पर साहित्य पीछे ही पड़ा था। अपने पुराने रास्ते पर पड़े हुए हिन्दी साहित्य को भारतेन्दु ने दूसरी और मोड़कर हमारे जीवन के साथ लगा दिया। इसी प्रकार हमारे जीवन और साहित्य के बीच के विच्छेद को उन्होंने दूर किया। उन्होंने कविवचन सुधा नाम की एक पत्रिका निकाली। संवत १९३० में उन्होंने हरिचन्द्र मैगज़ीन नाम की मासिक पत्रिका निकाली जिसका नाम बाद में 'हरिश्चन्द्र चंद्रिक' हो गया। हिन्दी गद्य साहित्य का ठीक परिष्कृतरूप इसमें प्रकट हुआ। भारतेदुजी में ही हम दो प्रकार की शैलियों का व्यवहार पाते हैं। भावांश की और तनय निरूपण की।

साहित्य को वृद्धि होता थे। वेतन, मन, धन आदि देने को भी तैयार हो गये थे। हिन्दी को प्रचार की आवश्यकता भी दिखाई पड़ी। अत संवत १९५० में कई उत्साही छत्रों के उद्योग से, जिन में बाबु श्यामसुन्दरदास, पंडित रामनारायण मिश्र और ठाकुर शिवकुमार सिंह मुख्य थे। काशी नागरी प्रचारिणी सभा की स्थापना हुई। बाबु श्यामसुन्दर दासजी के त्याग और सतत परिश्रम का भल है इस सभा की सारी समृद्धि और कीर्ति। इसके प्रथम सभापति भारतेन्दु जी के फुफेरे भाई बाबु राधाकृष्णदास हुए। नागरी अक्षरों का प्रचार और हिन्दी की समृद्धि थे दोनों सभा के उद्देश्य थे।

पंडित प्रताप नारायण मिश्र लेखन कला में भारतेन्दु को ही आदर्श मानते थे। लेकिन उनकी शैली भिन्न थी। भारतेन्दु के साथ हिन्दी की उन्नती में योग देनेवालों में प्रमुख पंडित केशवराम भट्ट, राधारमण गोस्वामि, अंबिका दत्तव्यास, मोहनलाल विष्णुलाल पंडया, पंडि भीमसेन शर्मा आदि थे।

हिन्दी में अंग्रेजी रंग का मौलिक उपन्यास पहले पहल लाला श्रीनिवास दास का "परीक्षा गुरू ही" निकाला था भारतेन्दु के फुफेरे भाई बाबु राधाकृष्ण दास ने स्वर्णलता "भरता क्या न करता आदि उपन्यास अनुवादकर के निकाले। कई स्थानों पर हिन्दी प्रचार के लिए समाये स्थापित हुई। भारतेन्दु के कठिन प्रयत्न से हिन्दी

सर्व प्रथम ईसाई मिशनरियों ने शिक्षा में सहायक पुस्तकों की दृष्टि से कुछ पाठय पुस्तकों को प्रकाशित कराया। हिन्दी भाषा के द्वार ही सब प्रकार के वैज्ञानिक विषयों की शिक्षा का विचार भी लोगों के चित में अब उठ रहा था। इससे अनेक विद्वानों के सहयोग और परामर्शी से संवत १९६३ में समाने "वैज्ञानिक कोश" प्रकाशित किया। भिन्न भिन्न विषयों पर पुस्तकें लिखाकर प्रकाशित करने का काम तो तब से अब तक बराबर चल ही रहा है। अपनी स्थापना के तीन वर्ष बाद सभा ने अपना पत्रिका निकाली जिनमें साहित्यिक, वैज्ञानिक ऐतिहासिक और दार्शनिक लेख प्रारंभ से ही निकलने लगे थे। यही आज हिन्दी में खोज संबंधिनी एक मात्र पत्रिका है। एक

नवीन हिन्दी साहित्य का द्वितीय उत्थान था जिसके आरंभ में सरस्वति पत्रिका के दर्शन हुए।

भारतेन्दु और सथी के लेखकों के नियमों पर अच्छी तरह ज़मी नहीं थी। व्याकरण की दृष्टि से अनेकों दोष मिला है वे "आशा किया"। इच्छा किया ऐसे प्रयोग भी करते थे। लेकिन व्याकरण के व्यति क्रम और भाषा की अस्थिकता पर ता 'थ्योड' ही दिनों में कोपदृष्टि पडी पर भाषा की रूपहानि की और उतना ध्यान नहीं दिया गया। व्याकरण की शुद्धता और भाषा की सफ़ाई के प्रवर्तक द्विवेदजी हो हैं। सरस्वति के संपादक होने के कारण वे, आई, हुई किताबों के भीतर से अशुद्धियाँ बदलते थे व्याकरण का और ध्यान देने पर यह प्रश्न हुआ कि शब्दों के साथ विभक्तियाँ मिलाकर लिखी जानी चाहिए या अलग? इस प्रश्न के बारे में कुछ काल तकवाद विवाद निकले। पंडित गोविन्द-नारायणजि मिश्रा ने विभक्ति विचार नाम की एक छोटी पुस्तक द्वारा विभक्तियाँ मिलाकर लिखने की सलाह दी।

पंडित सत्यनारायण कविरत्न ने भव-भूति के 'उत्तररामचरित' का और पीछे 'मालतीमाधव' का अनुवाद किया। कानपुर के राय देवी प्रसादजी पूर्णा का चंद्रकला' भक्तकुमार नाटक द्वितीय उत्थान के ध्यान देने योग्य है। उन्होंने यह नाटक शुद्ध साहित्य उद्देश्य से ही लिखा था।

रवीन्द्रबाबु के 'आँख की किरकिरी' आदि कई उपन्यास हिन्दी रूप में दिखायी पडे। उपन्यास का भी उत्थान हुआ। बंगभाषा के अतिरिक्त मराठा और गुजराती के भी कुछ उपन्यासों का अनुवाद हिन्दी में हुआ पर बंगला की अपेक्षा बहुत कम। सरस्वति पत्रिका में छोटी छोटी आख्यायिकाओं के दर्शन होने लगे. नरेंद्रमोहिनी, कुसुम-कुमारी वीरेंद्र वीर, चंद्रकांता सतति आदि उपन्यास प्रमुख बाबु देवकी नंदन खत्री के लिखे हुए थे। दूसरे पंडित किशोरिलाल गोस्वामि के उपन्यास में समाज के सजीव चित्र वासनाओं के रूप रंग चित्ताकर्षक वर्णन आदि देख सकते है। तारा, लीला-वति, राजकुमारि, हीराबाई लखनौं की कब्र आदि इनके उपन्यास हैं। पंडित अयोध्या सिंह उपाध्याय के उपन्यास हैं ठेठ हिन्दी का ठाट और अधखिला फूल।

निबंध का भी उत्थान हुआ। महा-वीरप्रसादीन बहुत लेख लिखते थे। स्थायी निबंधों की श्रेणी में आनेवाले दो ही चार लेख जैसे, कवि और कविता प्रतिभा आदि मिलते हैं। कवि और कविता कितना अच्छा और गंभीर विषय है। यह कहने की आवश्यकता कुछ भी नहीं है। क्यों कि पढने पर हम यह समझ सकते हैं कि यह एक गंभीर विषय है। उन्होंने लिखा है "इससे स्पष्ट है कि किसी किसी में कविता लिखने की इस्तेदाद स्वाभाविक होती है। ईश्वर दत्त होती है। जो चीज़ ईश्वर दत्त है। यह अवश्य लाभदायक

# विधि का खेल

SANTHA

एक शहर में दो स्त्रियाँ रहती थी। एक दूसरे को अच्छी तरह जानती थी, वे रोज़ शाम को आपस में मिलती थी और बातें करती थी। एक थी शशि की माँ और दूसरी थी लीला की। कई दिन बीत गये। एक दिन लीला की माँ ने अपनी सहली को चाय के लिए बुलाया। जाते समय बोली—"ज़रूर आना, और देखो, शशि को भी ले आना।"

दूसरा दिन सुहाना सा आया। लीला अब कालेज से लौटी ही थी कि माँ ने उस से कहा "तैयार हो जा, बेटी मेहमान आ रहे हैं।" चाय वगैरह की तैयारियाँ की गयी। मेहमान और उसकी माँ आ गये थे। लील: ने अपनी लज्जित आँखें उठायि और उसकी नज़रें शशि से मिली। चाय पी गयी और आपस में बातचीत हुई। इसके बाद शशि और उसकी माँ विद' ले रहे थे; मगर जाने के पहले, दोनों मः के पास जाकर सिर हिलाते और एक दूसरे से बोली, "लड़का पसंद है!!" "लड़की पसंद है" चाँद के टुकड़े जैसा मुख है।

---

होगी। वह निरर्थक नहीं हो सकती। उससे समाज को अवश्य कुछ न कुछ लाभ पहुँचता है। कविता यदि यथार्थ में कविता है तो संभव नहीं कि उसे सुनकर कुछ असर न हो कविता से दुनिय में आज तक बडे बडे काम हुए हैं।

कविता में कुछ झूठ का अंश ज़रूर रहता है असभ्य और अर्द्धसभ्य लोगों को यह अंश कम खटकता है। शिक्षित और सभ्य लोगों को बहुत संसार में जो बात जैसि देख पडे कवि को उसे वैसी ही वर्णन करनी चाहिए।

समालोचना के दो भाग हैं निर्णायात्मक और व्याख्यात्मक। समालोचना का उद्देश्य गुण दोष विवेचना ही समझा जाता है।

तृतीय उत्थान में साहित्य की कुछ उन्नति हुई है। यह भी ध्यान देने योग्य है। काव्य पर न जाने कितने ऐसे निबंध लिखे गये जिन्में सिवा इसके कि 'कविता अमरावति से गिरती हुई अमृत की धारा है, कवित हृदय कानन में खिली कुसुम-माला है। कविता देवलोक के मधुर संगीत की गूँज है और कुछ भीन मिलेगा।

कुछ दिनों के बाद दोनों की माँ गयी हुई। वह दिन दोनों के लिए उमँग भरा था, शशि ने लीला से कहा था कि दूसरे दिन वह सिनेमा देखने जायेगा और जाते वक्त बोला था "भूलना नहीं लीला, कल सात बजे लेने आऊँगा। लीला ने 'हाँ' तो कह दिया मगर जब घर आयी तब सोचती रही कि उसका जाना ठीक होगा या नहीं। उसके अंदर शरम ने आवाज़ दी कि यह ग़लत बात होगी अगर दूसरे मन ने कहा कि जाने का वादा जो दिया है। ऐसे सोचते वह रात को सोयी सुबह उठते ही निश्चय किया कि वह ज़रूर जायेगी उसी शाम को शशि उसे लेने आया और वह सिनेमा पर गयी, आपस में बहुत बातें की। शशी ने बताया कि अब उसे काम से महीने के लिए बाहर जाना होगा, उसके बाद क्या था, उन दोनों की शादी हो जायगी।

शशि आफिस के काम से चला गया एक महीना बीत गया, फिर भी शशि का पता न था लीला कितने मिट्टि के महल बना चुकी थी। लीला की समझ में कुछ न आ रहा था, लीला की माँ, हर त्योहार पर, या ऐसे भी, बहुत मिठाईयाँ भेजा करतीं, मगर शशि की माँ, जाने क्यों न नज़र आती थी। फिर एक शाम को फोण की घडी बजी। शशि की माँ, थी ... ... बोली, 'माँगनी तोडी जाय, डौवरी मिलती भी थोडी है, भेंट भी तो कम है। लीला की माँ अवाक रह गयी, सुनती ही रही, उसने कितनी उमँगें की थीं। और अब वह खुशी के फूल मुझि रहे थे। वह कुछ जवाब न दे सकी और फोन रख दिया।

उसी दिन शशि बाहर से लौटा था, मगर लीला से मिला न था। लीला को आश्चर्य था और दुख भी। उसकी माँ धीरे से बेटी के कमरे में आयी और टूटते स्वर में माँगनी की बात कह सुनायी। माँ ने बेटी को धीरज दिया, मगर लीला से अब रहा न गया-वह फूट फूट कर रोने लगी। उसे ऐसी बात पर इतबार न था रहा था, और उसने सोचा कि वह शशि से मिल कर उस से बात पुछे गी। वह दूसरे दिन शशि से मिली, जब उस से बात पुछी, तब शशि बोला, "मैं क्या जानूं लीला, डौवरी की बातें, माता की आज्ञा है, मैं कैसे टाल सकता हूँ?" ऐसा कह कर वह चला गया। लीला के ऊँचे महल ढह चुके थे, शशि को वादा दे गया था वह पूरा न हो सका, क्या क्या सोच बैठी थी वह। अब उसके दिल पर गहरी चोट लगी थी। वह सोचने लगी कि अब वह समाज का सामना कैसे करे। वह उस दिन मोहन के साथ सिनेमा पर क्यों गयी थी, यह सब उसने क्यों किया था, यह सब प्रश्न उसके मन में उठे, मगर अब रोने से तो तकदीरें नहीं बदल जातीं।

महीने बीत गये। माँ को बेटी का ख्याल होता मगर क्या करे? फिर आस-

# मैथिलीशरण गुप्तजी

अब हिन्दी कविता प्रगति के पथ पर बहुत आगे जा चुकी है और द्विवेदी युग की अपेक्षा अधिक प्रभावशाली नक्षत्र उदित हो चुकी है। फिर भी इस विकास और प्रकाश का श्रेय द्विवेदी युग के आरंभिक कवियों को विशेषकर मैथिलीशरण गुप्तजी को है। कहा जाता है कि किसी माला में प्रथम मणि, उपवन में प्रथम पुष्प, गगन में प्रथम नक्षत्र का जो महत्वपूर्ण स्थान हो सकता है वही वर्त्तमान हिन्दी कविता में गुप्तजी का है। अतएव गुप्तजी ही खड़ी बोली के प्रतिनिधि कवि हैं। उन्होंने जिस भावधारा को कविता में प्रवाहित किया है वह देशहित की भावना से पूर्ण है। वे सर्वसाधारण के कवि हैं और सर्वसाधारण ने जितना उन्हें अपनाया है अपना हिन्दी के किसी अन्य कवि को नहीं हमारे गद्य क्षेत्र में प्रेमचन्दजी की जो कीर्ति है वही गद्य क्षेत्र में गुप्तजी की है। उनकी रचनाओं में मानव जीवन का सन्देश है भूतकाल की झांकी है और वीरांगनाओं का कलापूर्ण चरित्र चित्रण जो भारतीय संस्कृति की अमूल्य निधि है।

गुप्तजी के मौलिक ग्रंथ जितने सुन्दर है उतने ही सुन्दर है अनूदित ग्रन्थ। उन्होंने स्त्रियों में भी भारतीय आदर्श के ढाँचे में दिव्यता भरने की चेष्टा की है। गुप्तजी नारी के अधिकारों के प्रति सदा जागरूक रहे है। करुण रस से ओतप्रोत हो कर सब से प्रथम काव्य लिखनेवाले वाल्मीकि भी जिस उर्मिला के लिए मौन रहे है उसि के प्रति श्रद्धापूर्ण अजली लिये हुए गुप्तजी हमारे सामने आते है

---

पास के घर में नया परिवार रहने लगा। मोहन का परिवार था। उसका बेटा था रामदेव। रामदेव अब आता जाता था मगर लीला कभी बाहर नहीं आती। उसने निश्चय कर लिया था कि अब आँख उठा कर नहीं देखेगी, जब तक वह उसका पति बन जाय। कौन जाने कब धोखा मिल जाये।

निश्चय पका किया था, मगर आज कल लीला के हसमुख चेहरे पर गम की रेखायें शामिल थीं। मगर फिर उन खुशी की रेखाओ को लीला के मुँह को सजाने का मौका मिल गया महीनों के बाद, रामदेव से उसकी मॉगनी हुई–पर अब भी वह देखती नहीं आखें कभी नहीं उठायी फिर वह दिन आया, जब उसकी शादी का दिन आया। होठों पर खुशी के गीत घूम रहे थे। उस दिन मधुर शहनाई बजी, और डोली सजायी गयी, नयी दुलहन घर जा रही थी।

—नमस्ते—

"साकेत" और यशोधरा लिखे गये है, स्त्रीगुणों के प्रति सहानुभूति के मरित हो कर। काव्य की उपेक्षित ऊर्मिला और यशोधरा के लिए ही उन्होंने यह ग्रन्थ लिखे है।

उन्होंने 'साकेत' महाकाव्य में उर्मिला के चरित्र की सुन्दर कल्पना कर के हिन्दी जगत् को मुक्त कर दिया है। इस प्रयत्न में सफ़ल होने के कारण उनकी दृष्टि काव्य की उपेक्षिता दूसरी रमणि यशोधरा पर पडी। प्रतिभा के सहारे यशोधरा की चरित्र के खास पहलू के आधार पर उन्होंने गद्य पद्य में अपने विचारों का श्रोत बहा दिया। गुप्तजी यह दिखाने का प्रयत्न करते है कि एक स्त्री नारी हो कर जितना नहीं कर सकती उस से अधिक वह माता हो कर संसार का कल्याण कर सकती है। विरहिणि माता स्वयं आठ आठ आँसू पीकर पुत्र को वात्सल्य तथा दूध पिलाकर पालति है,

"बेटा मैं तो हूँ रोने को
तेरे सारे मल धोने को
हंस तू सब कुछ होने को"

इन पंक्तियों में माता का कितना उच्च त्याग निहित है।

संक्षेप में नारी जाति को प्रकाश में लाकर संसार के सम्मुख एक उच्च आदर्श रख कर कवि त्याग कर्त्तव्य, एवं आत्मसंयम का महान संदेश देते है। सत्य और अहिंस के सिद्धान्तों का वैयक्तिक जीवन को उन्नत करने का; संसार में रह कर ही विषय लालसा तृष्णा और कामना का त्याग करने और इन्द्रिय दमन करने का क्या महत्व तथा उपाय है इसी को दृष्टि में रख कर काव्य लिखी गयी हैं। यशोधरा इस के लिए उत्तम उदाहरण है। ऐसे भगवत भक्त एवं देशभक्त कवि को पा कर हिन्दी का मस्तक ऊँचा हुआ है और हम हिन्दी भाषि जितना उनपर गर्व करे थोडा है।

# कविवर श्री मैथिली शरणगुप्त

N. PARVATHI U. P. D.

राष्ट्रकवि डॉ. मैथिलीशरण गुप्त का जन्म सन् १६४३ में झाँसी के चिरगाँव जिल में हुआ था। उनके पिता का नाम लाला रामचरण गुप्त था। जो बडे कवि और वैष्णवभक्त थे। गुप्तजी प्रारंभ से ही अत्यंत सरल प्रकृति के व्यक्ति है। वे हिन्दी काव्य क्षेत्र नभोमंडल के उज्वल तारे हैं। वे गाँधिजी के एक बडे अनुयायी थे। गाँधिजी का व्यक्तित्व भारतीय धर्म-भावना तथा राजनीतिक विचारधाराओं का अनोखा था। गुप्तजी गाँधिजी के इसी अनोखे व्यक्तित्व से बडे प्रभावित हुए। वे प्रसिद्ध मासिक। पत्रिक "सरस्वति" के संपादक थे।

उन की मौलिक रचनायें है:—'विकथगा', 'कुणाल-गीत', 'झंकार', 'स्वदेशसंहित' वैतालिक', 'प्रदक्षिण', 'शक्ति', 'अंजलि' आदि। उन की रचनायें प्राचीन होते हुए भी नवीन रही हैं। उनका एक प्रसिद्ध महाकाव्य है 'साकेत'। साकेत की राम-कथा पौराणिक है, पर कवि ने उसे एक नवीन रूप में प्रस्तुत करने का प्रयत्न किया है। साधारणत सभी कवियों ने राम-कथा में श्रीराम को कथानायिका बनाये हैं। लेकिन गुप्तजी के विषय में यह बिलकुल विपरीत है। साकेत में उन्होंने उर्मिला को नायिका बनायी है। साकेत के पूरे नवम-सर्ग में उर्मिला की वियोग-व्यथा का वर्णन किया है।

उनके प्रसिद्ध खण्डकाव्य 'शकुन्तला', 'पंचवटी' आदि हैं। पंचवटी में राम, लक्ष्मण, सीता आदि के वनवास का एक छोटा विवरण मिलता है। इस का कथानायक लक्ष्मण है। इसकी कथा प्राचीन है तो भी नवीन रही है। इस में लक्ष्मण हमारे सामने एक आधुनिक युवक के रूप में आता है।

लक्ष्मण 'पंचवटी' काव्य का मुख्य पात्र है। लक्ष्मण ही इस की जान है। पंचवटी में लक्ष्मण सिर्फ राम के एक छोटे भाई और सेवक के रूप में ही नहीं एक दार्शनिक और धार्मिक विचार रखनेवाले एक सामाजिक नेता के रूप में भी आता है। नारीयों के सतित्व का आदर करना पुरुषों में भी एक पत्नीत्व की अभिलाषा रखना, शास्त्रों की विधियों की अपेक्षा अंतकरण के महत्व को मानना आदि पंचवटी के लक्ष्मण की विशेषतयें हैं। वह पतित लोगों से सहानुभूति रखता है। लक्ष्मण जानता है कि कष्ट सहनेवाला ही जीवन में उन्नति पाता है। मुनियों के जीवन और सद्-उपदेशों से उस ने समझ लिया कि जीवन में सरलता और स्वावलंबन को बनाये रखना यह सोचता है कि

"मन प्रसाद्चाहिये केवल क्या
कुटीर फिर क्या प्रासाद
स्वावलंबन की एक झलक पर
है न्योंछावर कुबेर का भोग"

पंचवटी में लक्ष्मण के बाद शूर्पणखा का ही वर्णन किया गया है। वह हमारे सामने सुन्दरी के रूप में और राक्षसी के रूप में आती है। सुन्दरी के रूप में वह वासनाकलुषित विलासिनी है, पर राक्षसी के रूप में वह आतंकजनक पिशाचिनी है।

पंचवटी की सुन्दर प्रकृति इस काव्य की पृष्ठभूमि है। काव्य का आरंभ ही चन्द्रिका-चर्चित भूमि के वर्णन के साथ होता है। काव्य का अरंभ उस समय के वर्णन के साथ होता है जब

'चारु चन्द्र की चंचल किरणें खेल रही
हैं जल थल में
स्वच्छ चाँदनी बिछी हुई है अवनि
और अंबर तल में"

लक्ष्मण की विचारधारा में प्रकृति के नानारूप प्रकट होते हैं। प्रकृति में सूर्योदय के समय आसमान पर तारे नहीं दिखायी पड़ते। लेकिन चन्द्रोदय के अवसर पर सब प्रकट होते है। तारों के इस उदय और अस्त का कितना आलंकारिक वर्णन इन पंक्तियों में मिलता है।

"बिखेर देती वसुन्धरा मोती
सबके सोते पर
रवि उसे बटोर लेता है, सदा
सवेरा होने पर
औ विरामदायनी अपनी संध्या
को दे जाता है"

कवि ने लक्ष्मण के मुंह से समय पर प्रकृति की ये योग्यतायें कहायी हैं।

Statement about ownership and other particulars about newspaper (The Union Christian College Magazine) to be published in the first issue every year after last day of February.

## FORM IV

(See Rule 8)

| | |
|---|---|
| 1. Place of Publication | —Union Christian College, Alwaye, Kerala State. |
| 2. Periodicity of its publication | —Once in an year—In March—April |
| 3. Printer's Name | —Shri C. T. Benjamin, M. A. |
| Nationality | —Indian |
| Address | —Professor, Union Christian College |
| 4. Publisher's Name | —Shri C. T. Benjamin, M. A. |
| Nationality | —Indian |
| Address | —Professor, Union Christian College |
| 5. Editor's Name | —Shri C. T. Benjamin, M. A. |
| Nationality | —Indian |
| Address | —Professor, Union Christian College |
| 6. Name and address of individuals who own the newspaper and partners or shareholders holding more than one per cent of the total capital | —Shri T. B Thomas, Principal<br>Shri T. C. Joseph, Professor<br>Shri C. T. Benjamin |

I, C. T. Benjamin, hereby declare that the particulars given above are true to the best of my knowledge and belief.

(*Sd.*)
C. T. BENJAMIN.

*15-3-1962.*

**Rayon Grade**

**CAUSTIC SODA**

(Lye, Solid & Flakes)

*A new continuous solid and flakes production facility—enables TCC to make a material meeting the most stringent standards. 98/99% purity.*

* * *

**HYDROCHLORIC ACID**

**A pure synthetic product TCC's HCl conforms to ISS : 256**

* * *

**BLEACH LIQUOR**

(5% available chlorine)

* * *

**SODIUM HYDROSULPHITE**

**For use principally when dyeing vate stuffs and also as a powerful reducing agent in Sugar Industry.**

* * *

*Please send your enquiries to :*

## The Travancore-Cochin Chemicals Ltd.

UDYOGAMANDAL P. O., KERALA STATE.

Telephone : 21 (Alwaye)

Telegram : TIYEMSEE (Udyogamandal)

Printed and Published by C. T. BENJAMIN, M. A. at the C. M. S. Press, Kottayam